കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

## ജില്ലാ ഓഡിറ്റ് കാര്യാലയം

## പാലക്കാട്

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-പികെഡി11-2282/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

തീയതി: 07.01.2019.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ്

(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:1) ഡയറക്ടർകേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി11-2282/2018 തിയ്യതി: -07.01.2019.

## പാലക്കാട് ജില്ലയിലെ നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-06-2017 മുതൽ തിയതി 20-10-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | മേരി ഹണി ജോസഫ്,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20-10-2018 മുതൽ 29-10-2018 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.സി.എസ്.സന്തോഷ് | ഓഡിറ്റ് ഓഫീസർ |
| ശ്രീ.കെ.ജി.റോബർട്ട് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.എ.നസീറാബാനു | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.ആർ.രഞ്ജിത് | ഓഡിറ്റർ |
| ശ്രീമതി.ലിക്സി അലക്സ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ശാർങ്ങധരൻ | 1-4-2017 മുതൽ 31-3-2018 വരെ |
| സെക്രട്ടറി | ശ്രീ.മഹേഷ്കുമാർ.എസ് | 1-4-2017 മുതൽ 31-3-2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.വി.എം.ശ്രീദേവി | 1-4-2017 മുതൽ 30-10-2017 വരെ |
| | ശ്രീമതി.മിനു ആന്റു | 31-10-2017 മുതൽ 31-03-2018 വരെ |
| വി.ഇ.ഒ - 1 | ശ്രീ.രൂപേഷ്.സി | 1-4-2017 മുതൽ 19-10-2017 വരെ |
| | ശ്രീമതി.ഗൗരി.ടി | 20-10-2017 മുതൽ 31-03-2018 വരെ |
| വി.ഇ.ഒ - 2 | ശ്രീമതി.ഷൈനി.എസ് | 1-4-2017 മുതൽ 31-3-2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.കലാവതി.കെ | 1-4-2017 മുതൽ 31-3-2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി.ദീപ.കെ | 1-4-2017 മുതൽ 31-10-2017 വരെ |
| | ശ്രീമതി.ഷമിത.പി | 1-11-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ.ലിമി ജോസ് | 1-4-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ- | ഡോ.സിസി.എ.എൻ | 1-4-2017 മുതൽ |

| | | |
|---|---|---|
| | | 31-5-2017 വരെ |
| ആയുർവേദം | ഡോ.പ്രവീൺ.എൻ.വി | 1-6-2017 മുതൽ 16-1-2018 വരെ |
| | ഡോ.ഷീജൻ.എസ്.ഡി | 17-1-2018 31-03-2018 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.സുബ്രഹ്മണ്യൻ | 1-4-2017 മുതൽ 3-7-2017 വരെ |
| | ഡോ.ഫ്രാൻസിസ് അർപുതദാസ് | 4-7-2017 മുതൽ 18-7-2017 വരെ |
| | ഡോ.സ്മിത.എസ് | 19-7-2017 മുതൽ 31-3-2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.രാധിക.സി | 1-4-2017 മുതൽ 30-09-2017 വരെ |
| | ശ്രീ.സജീഷ് കുമാർ.ജെ | 1-10-2017 മുതൽ 31-03-2018 വരെ |
| എച്ച്.എം | ശ്രീ.പി.ബാബുരാജ് | 1-4-2017 മുതൽ 31-03-2018 വരെ |
| അസി.സെക്രട്ടറി | ശ്രീ.കെ.പി.രാമചന്ദ്രൻ | 1-4-2017 മുതൽ 15-6-2017 വരെ |
| | ശ്രീമതി.മേരി ബിബിയാന.എ | 16-6-2017 മുതൽ 31-3-2018 വരെ |

# ഉള്ളടക്കം

## ഭാഗം 1

## ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം



| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം-റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം | 1-4 |
| 5 | ഫണ്ട് വിനിയോഗം-എ.സി.ആർ പ്രകാരം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളുടെ അപാകതകൾ | 1-12 |

## ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള വിഷയങ്ങൾ | | |
| 1 | ബജറ്റ് തയ്യാറാക്കൽ - നടപടിക്രമങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ് | 2-1 |
| 2 | അസി. എഞ്ചിനിയറുടെ അക്കൗണ്ടിലെ ടെണ്ടർ ഫോം വില തനത് ഫണ്ടിലേക്ക് മാറ്റേണ്ടതാണ് | 2-2 |
| 3 | വി.ഇ.ഒ യുടെ പേരിലുള്ള നിർജീവമായ ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ് | 2-3 |
| 4 | തൊഴിൽ നികുതി പരിശോധനയിലെ അപാകതകൾ | 2-4 |
| 5 | കെട്ടിടങ്ങളുടെ തരം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചിരിക്കുന്നതിനാൽ നികുതി നഷ്ടം | 2-5 |
| വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള വിഷയങ്ങൾ | | |
| 6 | കെട്ടിടങ്ങൾക്ക് അനുമതി നൽകുമ്പോൾ ചട്ടപ്രകാരമുള്ള ജലസംരക്ഷണ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ് | 2-6 |
| 7 | കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായി പെർമിറ്റ് അനുവദിക്കേണ്ടതാണ് | 2-7 |

## ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള വിഷയങ്ങൾ | |
| 1 | ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ് | 3-1 |
| 2 | ഗ്രാമപഞ്ചായത്തിലെ സോളാർ പവർ പ്ലാന്റിന്റെ പ്രവർത്തനം - തുടർനടപടികൾ കാര്യക്ഷമമാക്കേണ്ടതാണ് | 3-2 |
| 3 | കെ.എസ്.ഇ.ബി ക്ക് നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയില്ല | 3-3 |
| 4 | കാരാങ്കോട് കുടിവെള്ള പദ്ധതി പൂർത്തീകരണം ഉറപ്പാക്കിയില്ല. | 3-4 |
| 5 | ലെവലിംഗ് ഇൻസ്ട്രുമെന്റ് വാങ്ങൽ -പദ്ധതികൾ നടപ്പിലാക്കിയതിലെ അപാകതകൾ | 3-5 |
| 6 | ക്ഷീര വികസന പരിപാടി - മാർഗ്ഗരേഖ അനുസരിച്ച് പ്രൊജക്റ്റുകൾ ആവിഷ്കരിക്കേണ്ടതാണ് | 3-6 |
| 7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ജലസംരക്ഷണത്തിനായി നടത്തിയ പ്രവർത്തനങ്ങൾ അഭിനന്ദനാർഹം | 3-7 |
| 8 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ് | 3-8 |
| 9 | അങ്കണവാടികൾക്ക് പ്രിന്റിംഗ്, സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതിന് മെയ്ന്റനൻസ് ഗ്രാന്റ് ചെലവഴിച്ചു | 3-9 |
| 10 | ഇ.എം.എസ് ഭവന നിർമ്മാണപദ്ധതി പൂർത്തീകരണം - രേഖകളുടെ സൂക്ഷിപ്പ് കൃത്യമല്ല | 3-10 |
| 11 | മേൽപ്പുര റിപ്പയർ - ഗുണഭോക്താവിന്റെ അക്കൗണ്ട് നമ്പറിൽ അവ്യക്തത | 3-11 |
| 12 | പി.എം.എ.വൈ പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 3-12 |

| | | |
|---|---|---|
| ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള വിഷയങ്ങൾ | | |
| 13 | വൃദ്ധർക്ക് കട്ടിൽ - ടെണ്ടർ നടപടിക്രമത്തിൽ അപാകതകൾ | 3-13 |
| ആരോഗ്യം-വിദ്യാഭ്യാസം സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള വിഷയങ്ങൾ | | |
| 14 | കുടിവെള്ള പദ്ധതികളുടെ പരിപാലനം കാര്യക്ഷമമാക്കി ഗ്രാമപഞ്ചായത്തിന്റെ ബാധ്യത ലഘൂകരിക്കേണ്ടതാണ് | 3-14 |
| 15 | ബാലസഭാ പ്രവർത്തനങ്ങൾ - മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ ആവിഷ്കരിച്ച് നടപ്പാക്കി | 3-15 |
| 16 | പൊതുടാപ്പുകൾ കുറവു ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് | 3-16 |
| 17 | ആവശ്യകത വിലയിരുത്താതെ പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പഠനോപകരണങ്ങൾ എന്ന പ്രൊജക്റ്റ് ആവിഷ്കരിച്ചു-പദ്ധതി നടപ്പാക്കിയില്ല | 3-17 |
| 18 | ലാപ്ടോപ്പ് വിതരണം - പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിച്ചില്ല | 3-18 |
| 19 | ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - ഇൻവോയ്സ് പ്രകാരമുള്ള മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമായില്ല | 3-19 |
| 20 | പാലിയേറ്റീവ് പരിചരണ പദ്ധതി നടത്തിപ്പ് - അവലോകനം | 3-20 |
| 21 | ഗ്രാമപഞ്ചായത്തിൽ ഫലപ്രദമായ ഖരമാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തേണ്ടതാണ് | 3-21 |

## ഭാഗം-IV

## ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരം | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |

| | | |
|---|---|---|
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

29-3-2018 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു.

പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 24-3-2018 ന് പാസാക്കിയിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2017-18 | 31-7-2018 | 01-06-2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-18 | 02.07.2018 മുതൽ 03.07.2018 വരെ | നം.കെ.എസ്.എ-പികെഡി.21/1904(17)/2018 തിയതി:29-8-2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 18279058.85 |
| വരവ് | 85891789.00 |
| ആകെ | 104170847.85 |
| ചെലവ് | 92341873.00 |

| | |
|---|---|
| നീക്കിയിരിപ്പ് | 11828974.85 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ (എ.സി.ആർ പ്രകാരം) | 0 | 21409000 | 21409000 | 17951736 | 3457264 |
| വികസനഫണ്ട് എസ്.സി.പി (എ.സി.ആർ പ്രകാരം) | 0 | 11964689 | 11964689 | 9609476 | 2355213 |
| വികസനഫണ്ട് ടി.എസ്.പി (എ.സി.ആർ പ്രകാരം) | 0 | 233905 | 233905 | 105095 | 128810 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് (എ.സി.ആർ പ്രകാരം) | 0 | 18393000 | 18393000 | 12980725 | 5412275 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് (എ.സി.ആർ പ്രകാരം) | 0 | 4653000 | 4653000 | 4143407 | 509593 |
| സെൻട്രൽ ഫിനാനൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 10053969 | 10053969 | 6775888 | 3278081 |
| കെ.എൽ.ജി. എസ്. ഡി.പി (എ.സി.ആർ പ്രകാരം) | 0 | 3276668 | 3276668 | 2823346 | 453322 |
| ദുരിതാശ്വാസ നിധി | 6037 | 226 | 6263 | 0 | 6263 |

| | | | | | |
|---|---|---|---|---|---|
| എം.എൻ. ആർ.ഇ.ജി. എസ്-അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 4908 | 1365236 | 1370144 | 1367336 | 2808 |
| എം.എൻ. ആർ.ഇ.ജി. എസ്-തൊഴി ലാളികളുടെ വേതനം | 0 | 30341622 | 30341622 | 30341622 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്-ബ്ലോക്ക് പഞ്ചായത്ത് | 46416 | 2709949 | 2756365 | 2733609 | 22756 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്-ജില്ലാ പഞ്ചാ യത്ത് | 0 | 200000 | 200000 | 200000 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 7537765 | 11653000 | 19190765 | 18137851 | 1052914 |
| തനത് ഫണ്ട്-ബാങ്ക് | 10623546 .36 | 7870172 | 18493728 | 7870209 | 10623519 .36 |
| തനത് ഫണ്ട്-ട്രഷറി | 0 | 0 | 0 | 0 | 0 |
| ബി ഫണ്ട് | 0 | 60359600 | 60359600 | 60359600 | 0 |

# 1-6 പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം)

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാ | പദ്ധതി | ഭാഗിക | നടപ്പാ | പൂർത്തീ |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | ക്കിയത് (എണ്ണം) | ചെലവ് | മായി നടപ്പാ ക്കിയത് (എണ്ണം) | ക്കാത്തവ (എണ്ണം) | കരിച്ച പ്രോജക്ടു കളുടെ ശതമാനം |
|---|---|---|---|---|---|---|
| 216 | 105457245 | 132 | 59915841 | - | 84 | 61 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 61 എണ്ണം മാത്രമാണ് തൻവർഷം നടപ്പിലാക്കിയിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 58% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നടപ്പാ ക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 2 | 2 | 15255800 | 9900349 | 65 |
| വി.ഇ.ഒ – 1, 2 | 14 | 11 | 10652765 | 7213037 | 68 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 4 | 4811600 | 4165088 | 87 |
| സെക്രട്ടറി | 22 | 11 | 11000094 | 6198183 | 56 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 151 | 85 | 52078413 | 23049645 | 44 |
| മെഡിക്കൽ ഓഫീസർ-PHC | 5 | 5 | 893300 | 795785 | 89 |
| മെഡിക്കൽ ഓഫീസർ-ISM | 2 | 2 | 950000 | 950000 | 100 |
| വെറ്ററിനറി സർജ്ജൻ | 2 | 2 | 1200000 | 750000 | 63 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1510371 | 1510371 | 100 |
| എച്ച്.എം | 8 | 4 | 2634402 | 1473163 | 56 |

| | | | | | |
|---|---|---|---|---|---|
| അസി.സെക്രട്ടറി | 5 | 5 | 4470500 | 3910220 | 47 |
| ആകെ | 216 | 132 | 105457245 | 59915841 | 57 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 4908 | 1365236 | 1370144 | 1367336 | 2808 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 30341622 | 30341622 | 30341622 | 0 |
| ആകെ | 4908 | 31706858 | 31711766 | 2808 | |

# 1-8 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 26400 | 54 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 14452500 | 1207 |
| 3 | വിധവാ പെൻഷൻ | 16127900 | 1379 |
| 4 | വാർദ്ധക്യകാല പെൻഷൻ | 23996300 | 1866 |
| 5 | വികലാംഗ പെൻഷൻ | 3776000 | 319 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1020500 | 87 |

## 1-9 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-10-2018 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 20597 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനം വിലയിരുത്തൽ

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെ പറയുന്ന പോരായ്മകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടു.

ബജറ്റ് നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കുന്നതിൽ കുറേക്കൂടി കാര്യക്ഷമത പ്രകടിപ്പിക്കേണ്ടതാണ്. തൻവർഷം പഞ്ചായത്തിന്റെ റവന്യൂ വർദ്ധിപ്പിക്കുന്നതിനുള്ള കാര്യക്ഷമമായ ചർച്ചകൾ ഉണ്ടാവുകയോ ബജറ്റിൽ പുതിയ വരുമാന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

പഞ്ചായത്തിന്റെ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിറ്റ്സിന്റെ സൂക്ഷിപ്പിൽ കൃത്യത പാലിച്ചിട്ടില്ല.

ഓഫീസ് ഉത്തരവ് പ്രകാരം വിവിധ ഉദ്യോഗസ്ഥർക്ക് ചുമതലകൾ വീതിച്ച് നൽകിയിട്ടുണ്ടെങ്കിലും മേൽനോട്ട ചുമതല കൃത്യമായി നിർവ്വഹിക്കാത്തതിനാൽ പല രേഖകളുടേയും സൂക്ഷിപ്പിൽ അപാകതകൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

വസ്തു നികുതിയിലെ ഡിമാന്റ് സഞ്ചയയുമായി പൊരുത്തപ്പെടാത്ത സാങ്കേതിക പ്രശ്നം പരിഹരിക്കപ്പെടാതെ അവശേഷിക്കുകയാണ്. കെട്ടിട നിർമ്മാണ പെർമിറ്റ് കൈകാര്യം ചെയ്യുന്നതിനുള്ള സങ്കേതം സോഫ്റ്റ്‌വെയറിലും അപാകതകൾ നിലനിൽക്കുന്നുണ്ട്. പെർമിറ്റ് ഫീസ് കണക്കാക്കുന്നതിന് തറ വിസ്തീർണ്ണത്തിനു പകരം പ്ലിന്ത് ഏരിയയാണ് അടിസ്ഥാനമാക്കുന്നത്. സാങ്കേതിക പ്രശ്നങ്ങൾ ഉന്നതാധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറാത്തതിനാൽ തനത് ഫണ്ടിന് നഷ്ടം ഉണ്ടാകുന്നത് പരിഹരിക്കുന്നതിനും വെള്ളക്കരം കുടിശ്ശിക

പിരിച്ചെടുക്കുന്നതിനും കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

മാലിന്യ സംസ്കരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതുണ്ട്.

വാങ്ങലുകൾ നടത്തിയപ്പോൾ സ.ഉ(പി)നം.259/2010/എൽ.എസ്.ജി.ഡി തിയതി 8-11-2010 പ്രകാരം പുറപ്പെടുവിച്ച സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികളുടെ മൂല്യശോഷണം കണക്കാക്കുന്നതിനുള്ള സംവിധാനമില്ല.

ഫ്രണ്ട് ഓഫീസ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിൽ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. തൻവർഷം ഈ ആവശ്യത്തിനായി പ്രൊജക്റ്റ് ആവിഷ്കരിച്ചിട്ടില്ല.

ജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും കാലികമാക്കിയിട്ടില്ല.

വിവിധ മാന്വലുകളുടെ ഉപയോഗം

ഗ്രാമപഞ്ചായത്തിന്റേയും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടേയും വിവിധ ചുമതലകളുടെ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനായി കെ.എൽ.ജി.എസ്.ഡി.പിയുടെ സഹായത്തോടെ തയ്യാറാക്കുകയും സർക്കാർ അംഗീകരിച്ചിട്ടുമുള്ള വിവിധ മാന്വലുകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | മാന്വലിന്റെ പേര് | സർക്കാർ ഉത്തരവ് / തിയതി |
|---|---|---|
| 1 | ബജറ്റ് മാന്വൽ | സ.ഉ(ആർ.ടി)നം.3291/16/ എൽ.എസ്.ജി.ഡി/02-12-2016 |
| 2 | ജന്റർ ബജറ്റ് മാന്വൽ | സ.ഉ(ആർ.ടി)നം.1750/17/ എൽ.എസ്.ജി.ഡി/27-05-2017 |

| | | |
|---|---|---|
| 3 | ഫിനാൻസ് മാനേജ്മെന്റ്(റവന്യൂ) മാന്വൽ | സ.ഉ(ആർ.ടി)നം.1833/17/ എൽ.എസ്.ജി.ഡി/02-06-2017 |
| 4 | അസറ്റ് മാനേജ്മെന്റ് മാന്വൽ | സ.ഉ(ആർ.ടി)നം.166/17/ എൽ.എസ്.ജി.ഡി/20-01-2017 |
| 5 | ഗ്രീവൻസ് റിഡ്രസ്സൽ മാന്വൽ | സ.ഉ(ആർ.ടി)നം.1558/17/ എൽ.എസ്.ജി.ഡി/12-05-2017 |
| 6 | ഓഫീസ് മാനേജ്മെന്റ് മാന്വൽ | സ.ഉ(ആർ.ടി)നം.1699/2017/ എൽ.എസ്.ജി.ഡി/24-05-2017 |
| 7 | പബ്ലിക് റിപ്പോർട്ടിംഗ് മാന്വൽ | സ.ഉ(ആർ.ടി)നം.1747/2017/ എൽ.എസ്.ജി.ഡി/27-05-2017 |
| 8 | കൈമാറിക്കിട്ടിയ ചുമതലകളുടെ നിർവ്വഹണം-പിഎച്ച്സി മാന്വൽ | സ.ഉ(ആർ.ടി)നം.1846/2017/ എൽ.എസ്.ജി.ഡി/03-06-2017 |
| 9 | കൈമാറിക്കിട്ടിയ ചുമതലകളുടെ നിർവ്വഹണം- ആയുർവേദ ഡിസ്പെൻസറി/ ആശുപത്രി മാന്വൽ | സ.ഉ(ആർ.ടി)നം.1615/2017/ എൽ.എസ്.ജി.ഡി/17-05-2017 |
| 10 | കൈമാറിക്കിട്ടിയ ചുമതലകളുടെ നിർവ്വഹണം- ഹോമിയോപതി ഡിസ്പെൻസറി/ ആശുപത്രി മാന്വൽ | സ.ഉ(ആർ.ടി)നം.1616/2017/ എൽ.എസ്.ജി.ഡി/17-05-2017 |
| 11 | കൈമാറിക്കിട്ടിയ ചുമതലകളുടെ നിർവ്വഹണം- അങ്കണവാടി മാന്വൽ | സ.ഉ(ആർ.ടി)നം.1830/2017/ എൽ.എസ്.ജി.ഡി/02-06-2017 |
| 12 | കൈമാറിക്കിട്ടിയ ചുമതലകളുടെ നിർവ്വഹണം- കൃഷിഭവൻ മാന്വൽ | സ.ഉ(ആർ.ടി)നം.1831/2017/ എൽ.എസ്.ജി.ഡി/02-06-2017 |
| 13 | കൈമാറിക്കിട്ടിയ ചുമതലകളുടെ നിർവ്വഹണം- പ്രൈമറി സ്കൂൾ മാന്വൽ | സ.ഉ(ആർ.ടി)നം.1748/2017/ എൽ.എസ്.ജി.ഡി/27-05-2017 |
| 14 | കൈമാറിക്കിട്ടിയ ചുമതലകളുടെ നിർവ്വഹണം-വെറ്ററിനറി ഡിസ്പെൻസറി/ആശുപത്രി മാന്വൽ | സ.ഉ(ആർ.ടി)നം.1832/2017/ എൽ.എസ്.ജി.ഡി/02-06-2017 |
| 15 | കൈമാറിക്കിട്ടിയ ചുമതലകളുടെ | സ.ഉ(ആർ.ടി)നം.1749/2017/ |

| | | |
|---|---|---|
| | നിർവ്വഹണം- മത്സ്യഭവൻ മാന്വൽ | എൽ.എസ്.ജി.ഡി/27-05-2017 |
| 16 | പെർഫോമൻസ് ഓഡിറ്റ് മാന്വൽ | സ.ഉ(ആർ.ടി)നം.166/17/ എൽ.എസ്.ജി.ഡി/20-01-2017 |
| 17 | പ്രൊക്യൂർമെന്റ് മാന്വൽ | സ.ഉ(ആർ.ടി)നം.2487/2017/ എൽ.എസ്.ജി.ഡി/20-08-2016<br>(കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരം മരവിപ്പിച്ചു) |

ക്രമ നം. 1 മുതൽ 15 വരെയുള്ള മാന്വലുകൾ ഗ്രാമപഞ്ചായത്തിലും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലും പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 15-10-2018 | 9/2018 | റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 4-2-2015 മുതൽ 18-05-2015 വരെ | 2010-11 മുതൽ 2014-15 വരെ | 15-07-2015 |

# 1-12 വാർഷിക കണക്കുകകളിലെ അപാകതകൾ (ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ)

സ്ഥിര നിക്ഷേപം പിൻവലിച്ച് വീണ്ടും നിക്ഷേപിച്ചപ്പോൾ പലിശയിനത്തിലെ വരവ് സാംഖ്യയിൽ വരവായി ഉൾപ്പെടുത്തിയില്ല.

ഓഡിറ്റ് റിക്കവറി ഇനത്തിൽ 1,41,388.00 രൂപയാണ് വരവായി കാണിച്ചിട്ടുള്ളത്. യഥാർത്ഥവരവ് 1,54,145 രൂപയാണ്. മറ്റ് വരവായി കാണിച്ചിട്ടുള്ള 12,757.00 രൂപ

ക്രമീകരിച്ചിട്ടില്ല.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് തയ്യാറാക്കൽ - നടപടിക്രമങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 214(1) പ്രകാരം സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പ് പ്രകാരമുള്ള വികസന പദ്ധതിച്ചെലവ് ഉൾപ്പടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ന് മുമ്പ് സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ തയ്യാറാക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. വകുപ്പ് 214 ഉപവകുപ്പ് 1(എ)(1) പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ബഡ്ജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച കഴിയുന്നതിനു മുമ്പ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കേണ്ടതുമാണ്. നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ്, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 25.03.17 ലെ 4-ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കിയത് 29.03.2017 ന് ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് തയ്യാറാക്കൽ നടപടികളുടെ പരിശോധനയിലെ കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

1. 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിന്റെ നടപടിക്രമങ്ങൾ യഥാവിധി ചെയ്തതായുള്ള രേഖകൾ ബജറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. ബജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി വിവിധ നിർവഹണ ഉദ്യോഗസ്ഥരിൽ നിന്നും റിവൈസ്ഡ് ബഡ്ജറ്റിനുള്ള നിർദ്ദേശങ്ങളും ബജറ്റ് വർഷത്തേക്കുള്ള നിർദ്ദേശങ്ങളും സെക്രട്ടറി ആവശ്യപ്പെട്ടതിനോ ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനായി ഡിസംബർ 15 നു മുമ്പ് വിവിധ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചു ചേർത്തതിനോ രേഖകളില്ല.

3. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ജനുവരി 22 നു മുമ്പ് വിവിധ

സ്റ്റാന്റിംഗ് കമ്മിറ്റികൾ യോഗം വിളിച്ച ചേർക്കുകയോ ഉദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്യുകയോ ചെയ്തിട്ടില്ല.
4. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത പദ്ധതിയേതര നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ഫെബ്രുവരി ഒന്നിന് മുമ്പ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചതായി കാണുന്നില്ല.
6. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമ പഞ്ചായത്തിന്റെ ഒരു പ്രത്യേക യോഗം മാർച്ച് ഏഴിന് മുമ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വിളിച്ച് ചേർത്തിട്ടില്ല.
ഓഡിറ്റ് നിർദ്ദേശം

1. വാർഷിക ബജറ്റിൽ ആവശ്യമായ തുക വകയിരുത്താതെ പോകുന്നതിനും യഥാർത്ഥത്തിൽ ആവശ്യമായ തുക ചെലവഴിക്കുവാൻ സാധിക്കാതെ പോകുന്നതിനും ബജറ്റ് നടപടിക്രമങ്ങളിലെ പാളിച്ച കാരണമാകുന്നതാണ്. എല്ലാ ഘടകസ്ഥാപനങ്ങളുടേയും ആവശ്യകത വിലയിരുത്തിയതിനുശേഷം മാത്രം ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
2. പ്ലാൻ, നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിലെ നടപടിക്രമങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.
3. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ്.
4. പഞ്ചായത്തിന്റെ ചെലവുകൾക്കുള്ള അടിസ്ഥാന അനുമതിയായ ബജറ്റ് നടപടിക്രമങ്ങൾ കൃത്യമായി പാലിച്ച് മാത്രമേ പാസാക്കപ്പെടുന്നുള്ളൂ എന്ന് ധനകാര്യ സ്ററാന്റിംഗ് കമ്മറ്റിയും ഭരണ സമിതിയും ഉറപ്പ് വരുത്തേണ്ടതാണ്.
5. തുടർ വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016/LSGD തിയതി 02-12-2016 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 24 /27.10.2018 മുഖേന മേൽകാര്യങ്ങൾ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

# 2-2 അസി. എഞ്ചിനിയറുടെ അക്കൗണ്ടിലെ ടെണ്ടർ ഫോം വില തനത് ഫണ്ടിലേക്ക്

## മാറ്റേണ്ടതാണ്

ഇ-ടെണ്ടർ നടത്തുന്നതിനു വേണ്ടി അസിസ്റ്റന്റ് എഞ്ചിനീയർ ആരംഭിച്ച അക്കൗണ്ടിൽ (എസ്. ബി. ഐ അക്കൗണ്ട് നം. 37288331815നാട്ടുകൽ) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും മുൻവർഷങ്ങളിൽ ലഭ്യമായ ഇ-ടെണ്ടർ ഫോറങ്ങളുടെ വില 63960/-രൂപ 11-6-2018ന് വരവു പിടിച്ചിട്ടുണ്ട്. ആയതും തൻവർഷം ഗ്രാമപഞ്ചായത്ത് നടത്തിയ ഇ-ടെണ്ടർ ഫോറങ്ങളുടെ വിലയും ഉൾപ്പെടെ 1,49,546/- രൂപ 31.08.2018 ന് അസി.എഞ്ചിനിയറുടെ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. ഈ തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വരും വർഷങ്ങളിൽ ടെണ്ടർ ഫോം വിൽപ്പനയിലൂടെ ലഭ്യമാകുന്ന തുക ഉടൻ തന്നെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ ഒടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. തുക ക്രമീകരിച്ചതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 വി.ഇ.ഒ യുടെ പേരിലുള്ള നിർജീവമായ ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്

2017-18 സാമ്പത്തിക വർഷത്തിൽ വി.ഇ.ഒ നിർവ്വഹണം നടത്തിയ പദ്ധതികളുടെ കണക്കുകൾ പരിശോധിച്ചതിൽ നിലവിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ വി.ഇ.ഒ യുടെ പേരിൽ ഒരു അക്കൗണ്ട് നിലനിൽക്കുന്നതായി കണ്ടെത്തി. (അക്കൗണ്ട് നമ്പർ 67307782710).

പ്രസ്തുത അക്കൗണ്ടിൽ 25-9-18 തീയതിയിൽ 14512 രൂപ അവശേഷിക്കുന്നുണ്ട്. മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ അക്കൗണ്ട് അവസാനിപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് പാലിച്ചിട്ടില്ല. സർക്കാർ അനുമതിയില്ലാതെ ഇത്തരത്തിൽ ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിക്കുന്നത് ശരിയായ നടപടിയല്ലാത്തതിനാൽ ഗ്രാമപഞ്ചായത്ത് ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ആവശ്യമായ ഇടപെടൽ നടത്തേണ്ടതാണ്.

അക്കൗണ്ടിൽ അവശേഷിക്കുന്ന തുക പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടച്ച് അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്.
തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-4 തൊഴിൽ നികുതി പരിശോധനയിലെ അപാകതകൾ

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി പിരിവിന്റെ കാര്യക്ഷമത പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1. രണ്ടാം അർദ്ധവർഷനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

2017-18 ഒന്നാം അർദ്ധവർഷത്തിൽ തൊഴിൽ നികുതി ഒടുക്കിയ ധാരാളം സ്ഥാപനങ്ങളിലെ ജീവനക്കാരുടെ രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലെന്ന് ഡിമാന്റ് രജിസ്റ്ററിന്റെ പരിശോധനയിൽ കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | മാവേലി സ്റ്റോർ. |
| 2 | ആയുർവേദിക്ക് ഹെൽത്ത് കെയർ സെന്റർ. |
| 3 | ചിൽഡ്രൻസ് ക്ളിനിക്ക്, നല്ലേപ്പിള്ളി. |
| 4 | മിൽക്ക് സൊസൈറ്റി, കരിങ്ങാലിപ്പള്ളം. |
| 5 | സെൻറ് പോൾസ് സ്കൂൾ, പാലപ്പള്ളം. |
| 6 | കെ.കെ.ആർ. എക്സ്ട്രാക്ഷൻസ്. |
| 7 | ബന്നാരിയമ്മൻ സ്റ്റീൽസ്. |
| 8 | എസ്.വി.ഐ സ്റ്റീൽസ് റീറോളിംഗ് മിൽസ്. |
| 9 | ഇജാസ് പോളിമേഴ്സ്. |
| 10 | ഡി.ആർ.എച്ച് ഫാർമ്സ് ആൻഡ് ഫീൽഡ്സ്. |
| 11 | യുണൈറ്റഡ് പോളിമേഴ്സ്. |
| 12 | ശിവ പ്ളാസ്റ്റിക്ക്സ്, പന്നിപ്പെരുന്തല. |

നികുതി ഡിമാന്റ് ചെയ്യാതിരുന്നതിന്റെ കാരണം വ്യക്തമാക്കുവാൻ

ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (17/26.10.2018) മറുപടിയായി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് 24.07.2018, 08.10.2018 എന്നീ തിയതികളിൽ അറിയിപ്പുകൾ നൽകിയിട്ടുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>2. I & II അർദ്ധവർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല</u>

താഴെ പറയുന്ന സ്ഥാപനം തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

1. ആയുർ സോപ്പ് ആൻഡ് ഓയിൽസ്

ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ ആയുർ സോപ്പ് ആൻഡ് ഓയിൽസിൻെറ സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>3. അർദ്ധ വാർഷിക വരുമാനത്തിന്റെ കൃത്യത ഉറപ്പാക്കാതെ നികുതി ചുമത്തി</u>

എ. മിൽക്ക് സൊസൈറ്റി കരിങ്ങാലിപ്പള്ളം എന്ന സ്ഥാപനത്തിലെ 3 പേരുടേയും അർദ്ധവാർഷിക വരുമാനം 12000 രൂപയിൽ താഴേയാണ് രേഖപ്പെടുത്തിയിരിക്കുന്നതെങ്കിലും 120 രൂപ വീതം നികുതി ഈടാക്കിയിട്ടുണ്ട്. 12000 യിൽ താഴെ മാത്രം അർദ്ധവാർഷിക വരുമാനം ഉള്ളവരിൽ നിന്നും നികുതി പിരിച്ചതിൻെറ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ മിൽക്ക് സൊസൈറ്റി കരിങ്ങാലിപ്പള്ളം എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ ഒരു മാസത്തെ വരുമാനമാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്നും കുറവായി തുക ഈടാക്കിയതിനാൽ ബാക്കി തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്.

ബി. ചിറ്റൂർ ഗവ. ടെക്നിക്കൽ ഹൈസ്കൂളിലെ ശ്രീമതി.സുജിത.എസ് എന്ന വ്യക്തിയുടെ അർദ്ധ വാർഷികവരുമാനം 45000 രൂപയാണ്. തൊഴിൽനികുതി 450 രൂപയ്ക്ക് പകരം 300 രൂപ സ്വീകരിച്ചതിൻെറ കാരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുള്ള ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ ബാക്കി തുകയായ 150 രൂപ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

അർദ്ധ വാർഷിക വരുമാനത്തിന്റെ കൃത്യത പരിശോധിക്കാതെ നികുതി ഈടാക്കിയതുമൂലം ഉണ്ടായ നഷ്ടം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-5 കെട്ടിടങ്ങൾക്ക് അനുമതി നൽകുമ്പോൾ ചട്ടപ്രകാരമുള്ള ജലസംരക്ഷണ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്

27.04.2017 തിയ്യതിയിൽ അംഗീകരിച്ച സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ചിറ്റൂർ താലൂക്കിൽ ഉൾപ്പെടുന്ന നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഭൂഗർഭ ജലനിരപ്പ് കുറയുന്നതായും മതിയായ രീതിയിലുള്ള ജല സംരക്ഷണം, റീച്ചാർജ്ജ് എന്നിവ നടക്കുന്നില്ലെന്നും വിലയിരുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിലെ കെട്ടിട നിർമ്മാണ പ്രവൃത്തികളിൽ ജല സംരക്ഷണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ടോ എന്ന് പരിശോധിക്കാനാണ് ഓഡിറ്റിൽ ലക്ഷ്യമിട്ടത്. വസ്തുനികുതി നിർണ്ണ ഫയലുകളും സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങളും ഓഡിറ്റിന് വിധേയമാക്കിയതിൽ കണ്ടെത്തിയ അപാകത ചുവടെ ചേർക്കുന്നു.

70/15-16 (A5/7248/2015) നമ്പറായി 18.12.2015 തിയ്യതിയിൽ പെർമിറ്റ് അനുവദിച്ച 391.86 ച.മീ വിസ്തീർണ്ണവും 500 ച.മീ പ്ലോട്ട് വിസ്തീർണ്ണവുമുള്ള, ശ്രീ.എം.വിജയരാഘവൻ, ശ്രീ.എം.പ്രേംകുമാർ, ശ്രീ.എം.രമേഷ്കുമാർ, ശ്രീ.എം.സുരേഷ്കുമാർ എന്നിവരുടെ സംയുക്ത ഉടമസ്ഥതയിലുള്ള റസിഡൻഷ്യൽ അപ്പാർട്ട്മെന്റ് കെട്ടിടത്തിന് 22.04.2017 ലെ അപേക്ഷ പരിഗണിച്ച് 18/543, 18/544, 18/545, 18/546 എന്നീ കെട്ടിട നമ്പരുകൾ അനുവദിച്ചിട്ടുണ്ട്. പണി പൂർത്തീകരിച്ച കെട്ടിടത്തിൽ മഴവെള്ള സംഭരണി പണിതിട്ടില്ലെന്ന് സാങ്കേതിക വിഭാഗം റിപ്പോർട്ട് ചെയ്തിട്ടും കെട്ടിടനിർമ്മാണ ചട്ടം പ്രകാരം 150 ച.മീ വരെ വിസ്തൃതിയുള്ള ഏക കുടുംബ വാസഗൃഹങ്ങൾക്ക് സംഭരണി ആവശ്യമില്ലെന്നും പ്രസ്തുത കെട്ടിടം 97.85 ച മീ വിസ്തീർണ്ണമുള്ള 4 വാസഗൃഹങ്ങൾ ഉൾപ്പെട്ട യൂണിറ്റായതിനാൽ മഴവെള്ള സംഭരണി ആവശ്യമില്ലെന്ന കാണിച്ചാണ് സെക്രട്ടറി കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ളത്.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 102 പ്രകാരം 150 ച.മീ വരെ തറവിസ്തീർണ്ണമുള്ളതും 320 ച. മീ വരെ പ്ലോട്ട് വിസ്തീർണ്ണമുള്ളതുമായ ഏകകുടുംബ വാസഗൃഹങ്ങൾക്കാണ് ഇളവ് അനുവദിച്ചിട്ടുള്ളത്. 500ച.മീ. പ്ലോട്ട് വിസ്തീർണ്ണമുള്ള അപ്പാർട്ട്മെന്റ് കെട്ടിടത്തിന് ജലസംഭരണി നിർമ്മാണത്തിൽ ഇളവ് അനുവദിച്ചത് ക്രമവിരുദ്ധമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.9/26.10.18-ന് മറുപടിയായി *കെട്ടിടനമ്പർ നൽകുന്ന വേളയിൽ പണി പൂർത്തീകരിച്ചിരുന്നില്ലെന്നും നിലവിൽ*

*പൂർണ്ണയായി പണിതിട്ടുണ്ടെന്നും* മറുപടി നൽകിയിട്ടുണ്ട്.
താരതമ്യേന താഴ്ന്ന ജലവിതാനമുള്ള ഗ്രാമപഞ്ചായത്ത് പ്രദേശത്ത് കെട്ടിട നിർമ്മാണ പ്രവൃത്തികളിൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011 പ്രകാരമുള്ള ജലസംരക്ഷണ മാർഗ്ഗങ്ങൾ പാലിക്കുന്നുണ്ടെന്ന് അധികൃതർ ഉറപ്പുവരുത്തേണ്ടതാണ്. കെട്ടിട നിർമ്മാണ പെർമിറ്റിന്റെ ചുമതലയുള്ള വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും നികുതിയുടെ ചുമതലയുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഇക്കാര്യത്തിൽ ഇടപെടൽ നടത്തേണ്ടതാണ്.

# 2-6 കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായി പെർമിറ്റ് അനുവദിക്കേണ്ടതാണ്

GO (Ms) No. 41/2011/LSGD Dtd 14/12/2011 (SRO No.127/2011) പ്രകാരമുള്ള കേരള പഞ്ചായത്ത് ബിൽഡിംഗ് പെർമിറ്റ് റൂൾസ് 2011 ന് അനുസൃതമായും തുടർന്നുവന്ന താഴെ പറയുന്ന ഭേദഗതികൾ പാലിച്ചുമാണോ ബിൽഡിങ്ങ് പെർമിറ്റ് അനുവദിക്കുന്നത് എന്ന് പരിശോധിക്കുന്നതിനാണ് ഓഡിറ്റിൽ ലക്ഷ്യമിട്ടത്.

GO (Ms) No. 10/2014/LSGD Dtd 10/01/2014 (SRO No. 26/2014)

GO (P) No. 181/2015/LSGD Dtd 28/05/2015 (SRO No. 362/2015)

GO (P) No. 343/2015/Lsgd Dtd 18/11/2015 (SRO No. 769/2015)

GO (P) No. 81/2017/LSGD Dtd 31/10/2017 (SRO No. 675/2017)
കൂടാതെ കെട്ടിട നിർമ്മാണ പെർമിറ്റ് കൈകാര്യം ചെയ്യുന്നതിനുള്ള ഓൺലൈൻ ആപ്ലിക്കേഷൻ ആയ സങ്കേതം സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനം, കാര്യക്ഷമത എന്നിവയും വിലയിരുത്തുവാൻ ലക്ഷ്യമിട്ടിരുന്നു. ആയതിലേക്കായി പെർമിറ്റ് രജിസ്റ്റർ, പെർമിറ്റിനുള്ള അപേക്ഷകൾ, ക്രമവൽക്കരണത്തിനായുള്ള അപേക്ഷകൾ എന്നിവയും, സങ്കേതം സോഫ്റ്റ്‌വെയറിലെ ഡാറ്റയും പരിശോധിച്ചു. പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പെർമിറ്റ് ഫീസ് കണക്കാക്കുന്നതിന് ഫ്ലോർ ഏരിയക്ക് പകരം പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കിയിരിക്കുന്നു

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011- ലെ ചട്ടം 11(3) പ്രകാരമുള്ള ഷെഡ്യൂൾ II-ൽ പെർമിറ്റിനുള്ള ഫീസ് നിരക്ക് ആകെ തറ വിസ്തീർണ്ണത്തിന്റെ (Floor Area) അടിസ്ഥാനമാക്കിയാണ് നിശ്ചയിക്കേണ്ടത്. Rupees per sqare metre of floor area എന്നാണ് ഷെഡ്യൂളിൽ സൂചിപ്പിച്ചിട്ടുള്ളത്. കൂടാതെ കാർഷെഡ്, ടോയ്‌ലറ്റ്, വാച്ച് & വാർഡ് കാബിൻ മുതലായവയും ഫ്ലോർ ഏരിയയോടൊപ്പം

പെർമിറ്റ് ഫീസ് കണക്കാക്കുന്നതിന് ചേർക്കാവുന്നതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ കാറ്റഗറി II-ൽ വരുന്ന നല്ലേപ്പിള്ളി ഗ്രാമ പഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം മുഴവനും സങ്കേതം സോഫ്റ്റ്‌വെയറിലൂടെ പെർമിറ്റ് ഫീസ് നിശ്ചയിക്കുന്നതിന് അടിസ്ഥാനമാക്കിയിട്ടുള്ളത് പ്ലിന്ത് ഏരിയയാണ് (Plinth Area). ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെർമിറ്റ് നം. | പെർമിറ്റ് ലഭിച്ചയാളുടെ പേരും വിലാസവും | കെട്ടിടത്തിന്റെ തരം | പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ | പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ഫ്ലോർ ഏരിയ | നിർണ്ണയിച്ചിരിക്കുന്ന പെർമിറ്റ് ഫീസ് |
|---|---|---|---|---|---|---|
| 1 | 19/17-18 | രാജിപ്രസാദ്. ഡി, 'പ്രസാദം', മാഞ്ചിറ, ചിറ്റൂർ. | പാർപ്പിടം | 96.50 | 77.2 | 96.50* 3 = 289.5 രൂപ |
| 2 | 47/17-18 | സജിത.എസ്, ജയന്തി നിവാസ്, മതിലകം, നല്ലേപ്പിള്ളി. | പാർപ്പിടം | 146.75 | 110.06 | 146.75*3 = 440.25 രൂപ |
| 3 | 118/17-18 | ഷാജി.പി.കെ, പീടികപ്പറമ്പിൽ, വെളിയമ്പലം | വ്യാവസായികം | 32 | 25.60 | 32*5 =160 രൂപ |

(കാറ്റഗറി II പഞ്ചായത്തിൽ ഗാർഹികാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 3 രൂപയും ഇതര ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് 5 രൂപയുമാണ് പെർമിറ്റ് ഫീസ്)

കെട്ടിടങ്ങളുടെ പ്ലാൻ പരിശോധിച്ചതിൽ മിക്കതിലും പ്ലിന്ത് ഏരിയ, കാർപ്പെറ്റ് ഏരിയ എന്നിവ മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കെട്ടിടനിർമ്മാണ ചട്ടത്തിൽ നിർവചിച്ചിട്ടുള്ള പ്രകാരമല്ല പെർമിറ്റ് ഫീസ് കണക്കാക്കിയിരിക്കുന്നത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

2. നിയമാനുസൃതമല്ലാത്ത പെർമിറ്റ് ഫീസ് ഈടാക്കിയിരിക്കുന്നു

ശ്രീ. കൃഷ്ണൻ.എ, വടക്കന്തറ, നല്ലേപ്പിള്ളി, പാലക്കാട്- 678553 എന്നയാൾക്ക് അനുവദിച്ച 07/17-18 (A5-3805/17, Dt 01.06.17) നമ്പർ കെട്ടിടനിർമ്മാണ പെർമിറ്റിന്റെ അപ്പന്റിക്സ്-എ പ്രകാരമുള്ള അപേക്ഷയിലും (സങ്കേതം സോഫ്റ്റ്‌വെയർ മുഖേന സമർപ്പിച്ചത്) പ്ലാനിലും നിലവിലുള്ള 66.23 ച.മീ തറ വിസ്തീർണ്ണമുള്ള

കെട്ടിടത്തിൽ 49.12ച.മീ ഒന്നാം നില കൂട്ടി ചേർക്കുന്നതായാണ് കാണിച്ചിട്ടുള്ളത്. എന്നാൽ പെർമിറ്റ് ഫീസ് കണക്കാക്കിയിട്ടുള്ളത് കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം അടിസ്ഥാനമാക്കിയാണ്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011 പ്രകാരം കൂട്ടിച്ചേർക്കപ്പെടുന്ന ഭാഗത്തിനുമാത്രം പെർമിറ്റ് ഫീസ് ഈടാക്കിയാൽ മതിയെന്നിരിക്കെ മുഴുവൻ വിസ്തീർണ്ണത്തിനും ഫീസ് ഈടാക്കിയത് ക്രമവിരുദ്ധമാണ്.

3. ഭൂവികസന പെർമിറ്റിന് അധിക ഫീസ് ഈടാക്കിയിരിക്കുന്നു

ശ്രീ. ഷണ്മുഖൻ S/o മാധവൻ (Late), നീറക്കോട്, നല്ലേപ്പിള്ളി, ചിറ്റൂർ - 678101 എന്നയാളുടെ S-109/9(R) സർവ്വേ നമ്പറിലുള്ള 64.25 സെന്റ് ഭൂമി പ്ലോട്ടുകളാക്കി മാറ്റുന്നതിന് ഭൂവികസന പെർമിറ്റ് ഫീസായി 10415/- രൂപ ഈടാക്കിയിട്ടുണ്ട് (പെർമിറ്റ് നം. 214/17-189 (A4-1953/18, Dt 09.03.18)). കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ, 2011 ലെ ചട്ടം 11(3) ഷെഡ്യൂൾ II-ൽ ഭൂവികസനത്തിനുള്ള പെർമിറ്റിനുള്ള ഫീസ് നിരക്ക്, കാറ്റഗറി 2 വില്ലേജ് പഞ്ചായത്തുകളിൽ ഒരു ആറിന് (Are) 250/- രൂപയാണെന്നിരിക്കെ 26.0050 ആറിന് (64.25 Cent = 26.0050 Are) പരമാവധി ഈടാക്കാവുന്ന ഫീസ് 6501/- രൂപയാണ്. അധിക നിരക്ക് ഈടാക്കിയത് ക്രമപ്രകാരമല്ലെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

ഓഡിറ്റ് അന്വേഷണം നം. 08/24.10.18 ന് *പൂർണ്ണമായും ഓൺലൈൻ അധിഷ്ഠിതമായ സങ്കേതം സോഫ്റ്റ്‌വെയറിൽ പെർമിറ്റ് ഫീസ് സ്വയമേവ കണക്കാക്കുന്നതാണെന്നും ഫീസ് തെറ്റായി കണക്കാക്കിയത് സാങ്കേതിക പിഴവു മൂലമാണെന്നും* മറുപടി നൽകിയിട്ടുണ്ട്.
തെറ്റായ വിവരം രേഖപ്പെടുത്തിയതുമൂലം നിയമാനുസൃതമല്ലാത്ത ഫീസ് ഈടാക്കിയത് സാങ്കേതിക പിഴവായി കാണക്കാക്കാനാവില്ല.

സങ്കേതം സോഫ്റ്റ്‌വെയർ – ഡാറ്റയുടെ കൃത്യത ഉറപ്പാക്കണം

സങ്കേതം സോഫ്റ്റ്‌വെയറിൽ അംഗീകൃത ലൈസൻസിയുടെ ലോഗിനിൽ നിന്ന് വരുന്ന അപേക്ഷ സെക്ഷൻ ക്ലർക്ക്, സെക്രട്ടറിയുടെ അനുമതിയോടെ എഞ്ചിനീയറിംഗ് വിംഗിന് കൈമാറുകയും സാങ്കേതിക അന്വേഷണ വിവരങ്ങൾ രേഖപ്പെടുത്തി ആയത് സെക്രട്ടറിക്ക് തിരികെ നൽകുകയും ചെയ്യുന്നു. കെട്ടിട നിർമ്മാണം ചട്ടപ്രകാരമാണെങ്കിൽ മാത്രമേ സെക്രട്ടറിക്ക് തുടർനടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. സെക്രട്ടറി പെർമിറ്റ് അംഗീകരിക്കുമ്പോഴാണ് പെർമിറ്റ് ഫീ ഡിമാന്റ് ഓട്ടോ ജനറേറ്റഡ് ആകുന്നത്.
സങ്കേതം സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനം പരിശോധിച്ചതിൽ താഴെ പറയുന്ന

അപാകതകൾ ബോധ്യപ്പെട്ടു.

- സങ്കേതം സോഫ്റ്റ്‌വെയറിൽ പെർമിറ്റ് ഫീ ഡിമാന്റ് ജനറേറ്റ് ചെയ്യപ്പെടുന്നത് പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കിയാണ്.
- സംയുക്ത ഉപയോഗക്രമമുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ പെർമിറ്റ് ഫീസ് കണക്കാക്കുന്ന രീതി വ്യക്തമല്ലാത്തതിനാൽ കൃത്യത ഉറപ്പാക്കാനാവുന്നില്ല.
- വസ്തുതാപരമല്ലാത്ത തിരുത്തലുകൾ പോലും നടത്തുവാൻ അപേക്ഷ തിരിച്ചയക്കണമെന്നത് പ്രക്രിയ സങ്കീർണ്ണമാക്കുന്നു.

ഓഡിറ്റ് നിർദ്ദേശം

1. സാങ്കേതിക പ്രശ്നങ്ങൾ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപെടുത്തി കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ, 2011 പ്രകാരം പെർമിറ്റ് അനുവദിക്കുവാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. പ്ലാനുകളിൽ ആവശ്യമായ എല്ലാ അളവുകളും ഉൾപ്പെടുത്തുന്നുണ്ടെന്ന് എഞ്ചിനിയറിംഗ് സെക്ഷൻ ഉറപ്പാക്കേണ്ടതാണ്.
3. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ ഇടപെടൽ നടത്തേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-7 കെട്ടിടങ്ങളുടെ തരം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചിരിക്കുന്നതിനാൽ നികുതി നഷ്ടം

വസ്തുനികുതി നിർണ്ണയം ചട്ടപ്രകാരമാണോ എന്ന് വിലയിരുത്തുന്നതിന്റെ ഭാഗമായി സഞ്ചയ സോഫ്റ്റ്‌വെയറിലെ ഫോറം 16 ഉൾപ്പെടെയുള്ള രേഖകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട പ്രധാന അപാകതകൾ താഴെ ചേർക്കുന്നു.
പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 6 രൂപയും വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്രമീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 40 രൂപയും, വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിലുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 50 രൂപയും ഇതര വ്യവസായങ്ങൾക്ക് 50 രൂപയുമാണ് നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. കെട്ടിടങ്ങളുടെ തരം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയം നടത്തിയിരിക്കുന്നതിനാൽ ഗ്രാമപഞ്ചായത്തിന് നഷ്ടം ഉണ്ടായതായി പരിശോധനയിൽ കണ്ടെത്തി. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട നം. | സ്ഥാപന ത്തിന്റെ പേര്, ഉടമയുടെ പേര് | നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തി യിരിക്കുന്ന കെട്ടിട ത്തിന്റെ വിവരം | | യഥാ ർത്ഥ ത്തിൽ രേഖ പ്പെടു ത്തേണ്ട തരം/ നികുതി നിരക്ക് (ച.മീ) | നിർണ്ണ യിച്ച വസ്തു നികു തി | നിർണ്ണ യിക്കേ ണ്ട വസ്തു നികു തി | കുറ വായി നിർണ്ണ യിച്ച നികു തി |
|---|---|---|---|---|---|---|---|---|
| | | | കെട്ടിട ത്തിന്റെ തരം/ നികുതി നിരക്ക് (ച.മീ) | വിസ്തീ ർണ്ണം (ച.മീ) | | | | |
| 1 | 19/46 | തേജസ് ഡിസ്ട്രി ബ്യൂട്ടേഴ്സ് ഗിരിജ, W/o. ഷണ്മുഖൻ, ആണ്ടിത്തറ, നല്ലേപ്പിള്ളി | പാർ പ്പിടം / 6 രൂപ | 100 ച.മീ | വാണി ജ്യാവശ്യ ത്തിനുള്ള 100 ച.മീ വരെ വിസ്തീർ ണ്ണമുള്ള ഗോഡൗ ൺ / 30 രൂപ | 462 | 2205 | 1743 |
| 2 | 2/190 | സൗദാംബിക റൈസ്മിൽ രാമസ്വാമി ചെട്ടിയാർ, ചെട്ടിക്കുളം | പാർ പ്പിടം / 6 രൂപ | 42 ച.മീ | ഇതര വ്യവസായ ആവശ്യം/ 50 രൂപ | 0 | 1323 | 1323 |
| 3 | 1/175 | ആർ.കെ. മിൽസ് രാധാകൃഷ്ണൻ S/o ചാമുണ്ണി, ഇരട്ടക്കുളം | പാർ പ്പിടം / 6 രൂപ | 50 ച.മീ | ഇതര വ്യവ സായ ആവ ശ്യം/ 50 രൂപ | 0 | 2363 | 2363 |
| 4 | 5/302 | ശ്രീമുരുകൻ റൈസ്മിൽ ശിവരാമൻ.വി, ചുവട്ടിലെ കളം, കുറ്റിപ്പള്ളം | പാർ പ്പിടം / 6 രൂപ | 40 ച.മീ | ഇതരവ്യ വസായ ആവ ശ്യം/ 50 രൂപ | 0 | 680 | 1680 |
| | | | | | | | ആകെ | 7109 |

ക്രമ നം. 2, 3, 4 നമ്പർ കെട്ടിടങ്ങൾ 60 ച. മീ താഴെയുള്ള വാസഗൃഹങ്ങളായി പരിഗണിച്ചുകൊണ്ട് നികുതി ഒഴിവാക്കി നൽകിയത് ശരിയായ രീതിയിൽ പരിശോധന നടത്താത്തതിനാലാണ് എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 16/26.10.2018 ന് *വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി വന്ന ഡാറ്റാ എൻട്രി പിഴവു മൂലമാണ് കെട്ടിടങ്ങളുടെ തരം മാറിയതെന്നും കുടിശ്ശിക ഉൾപ്പെടെ പിരിച്ചെടുത്ത് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും* മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. കുറവായി ഇടാക്കിയ തുക കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. സഞ്ചയയിൽ ആവശ്യമായ മാറ്റം വരുത്തി തെളിവ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.
2. സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡാറ്റാ പ്യൂരിഫിക്കേഷന്റെ ഭാഗമായി മുഴുവൻ കെട്ടിടങ്ങളുടെയും തരം പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.
3. നികുതി ചോർച്ച ഒഴിവാക്കുന്നതിനായി മേലുദ്യോഗസ്ഥർ രേഖകൾ നിശ്ചിത ഇടവേളകളിൽ പരിശോധിക്കേണ്ടതും ആവശ്യമായ തുടർ നിർദ്ദേശം നൽകേണ്ടതുമാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്

1994ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ അനുബന്ധം III അനുസരിച്ചുള്ള പട്ടികയിലെ ക്രമ നമ്പർ 15 പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ പരിപാലനത്തിലെ കാര്യക്ഷമത, വൈദ്യുതി ചാർജ്ജിനത്തിലും അറ്റകുറ്റപ്പണികൾക്കുമായി ചെലവഴിക്കേണ്ടി വരുന്ന തുകയിൽ കുറവു വരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ. തെരുവുവിളക്കുകളുടെ എണ്ണവും വൈദ്യുതി ചാർജ്ജും

വാർഷിക കണക്കനുസരിച്ച് ഗ്രാമപഞ്ചായത്തിൽ 368 സി.എഫ് ലാമ്പുകളും, 795 ട്യൂബുകളും നിലവിലുണ്ട്. തെരുവു വിളക്കുകളുടെ കൃത്യമായ എണ്ണം കാണിക്കുന്ന രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. കൊഴിഞ്ഞാമ്പാറ സെക്ഷനു കീഴിൽ 40 മീറ്ററുകളും ചിറ്റൂർ ഡിവിഷനു കീഴിൽ 19 മീറ്ററുകളും വേലാന്താവളം സെക്ഷനു കീഴിൽ 10 മീറ്ററുകളും സ്ഥാപിച്ചിട്ടുണ്ട്. എല്ലാ ലാമ്പുകളും മീറ്ററിനു കീഴീൽ കൊണ്ടു വന്നിട്ടില്ല. വൈദ്യുതി ചാർജ്ജിനത്തിൽ ശരാശരി 200000 രൂപ പ്രതിമാസം ഒടുക്കുന്നുണ്ട്. കണക്കിന്റെ കൃത്യത പരിശോധിക്കുന്നതിനുള്ള രേഖകൾ ലഭ്യമല്ല.

സി. തെരുവു വിളക്കുകളുടെ പരിപാലനച്ചെലവ്

അറ്റകുറ്റപ്പണികൾക്കുള്ള തെരുവു വിളക്കുകളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനായി തൻവർഷം 686471 രൂപ ചെലവഴിച്ചിട്ടുണ്ട്. വാർഷിക അറ്റകുറ്റപ്പണികൾക്കായി 361797 രൂപയും ചെലവഴിച്ചിട്ടുണ്ട്. ലാമ്പുകളുടെ കൃത്യമായ കണക്കുകൾ ഇല്ലാതെയാണ് അറ്റകുറ്റപ്പണികൾക്കുള്ള പ്രൊജക്ടുകൾ ആവിഷ്കരിക്കുന്നത്. ആയതിനാൽ ആവശ്യത്തിലധികം സാധന സാമഗ്രികൾ സമാഹരിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്. മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഇക്കാര്യം ചൂണ്ടി കാണിച്ചിട്ടുണ്ട്.

സി. ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിനുള്ള പദ്ധതികൾ

ഊർജ്ജ ഉപഭോഗം കൂടുതലുള്ള ട്യൂബ് ലൈറ്റുകൾ മാറ്റി പകരം ഊർജ്ജ ഉപഭോഗം കുറവുള്ള എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പ്രൊജക്ടുകളൊന്നും തൻവർഷം ആവിഷ്കരിച്ചിട്ടില്ല. സോളാർ തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിനായി 1913135 രൂപ തൻവർഷം വകയിരുത്തിയിരുന്നുവെങ്കിലും പദ്ധതി നടപ്പാക്കിയിട്ടില്ല.

ഡി. വസ്തു നികുതി സർചാർജ്ജ്

2011 ലെ കേരള പഞ്ചായത്ത്(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാ ത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന് പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകൾ, ഡ്രൈനേജ് എന്നീ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത് തെരുവുവിളക്കുകളുടെ

സർചാർജ്ജിനത്തിൽ വസ്തു നികുതിയുടെ 2% രൂപ നികുതിദായകരിൽ നിന്നും ഈടാക്കി വരുന്നുണ്ട്.

ഇ. ഓഡിറ്റ് നിർദ്ദേശം

- ഗ്രാമപഞ്ചായത്തിലെ എല്ലാ ലാമ്പുകളും മീറ്ററിനു കീഴിൽ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

- വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് ശേഖരിച്ച് ആയതിനനുസരിച്ച് അറ്റകുറ്റപ്പണികൾക്കുള്ള തുക വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

- ആവശ്യത്തിലധികം ലാമ്പുകൾ വാങ്ങി സൂക്ഷിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

- എൽ.ഇ.ഡി ലാമ്പുകൾക്ക് ശരാശരി 50000 മണിക്കൂർ ആയുസ്സ് ഉള്ളതിനാൽ 10 വർഷത്തിൽ അധികം നിലനിൽക്കുന്നതാണ്. ആയതിനാൽ നിലവിലുള്ള ഊർജ്ജ ഉപഭോഗം കൂടുതലുള്ള ലാമ്പുകൾക്ക് പകരം ഘട്ടം ഘട്ടമായി എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

- തെരുവു വിളക്കുകളുടെ പരിപാലനത്തിനായി പഞ്ചായത്ത് ഡയറക്ടർ 17-8-2015 ന് പുറപ്പെടുവിച്ചിട്ടുള്ള ജി2-44274/2015 നം. ഉത്തരവിൽ കൊടുത്തിട്ടുള്ള മാതൃകയിൽ തെരുവു വിളക്ക് മെയ്ന്റനൻസ് രജിസ്റ്റർ സൂക്ഷിക്കാവുന്നതാണ്.

- തെരുവു വിളക്കുകൾക്കായി ഗ്രാമപഞ്ചായത്ത് സേവന ഉപനികുതി ഈടാക്കുന്നതിനാൽ പൊതുജനങ്ങൾക്ക് നൽകുന്ന സേവനം മെച്ചപ്പെട്ടതാണെന്ന് ഉറപ്പാക്കേണ്ടതാണ്.

- ഓഡിറ്റ് അന്വേഷണം നം. 18/26-10-2018 നുള്ള മറുപടിയിലും 29-10-2018 ലെ എക്സിറ്റ് മീറ്റിംഗിലും തെരുവു വിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കുന്നതിനുള്ള തുടർ പദ്ധതികൾ ആവിഷ്കരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-2 ഗ്രാമപഞ്ചായത്തിലെ സോളാർ പവർ പ്ലാന്റിന്റെ പ്രവർത്തനം - തുടർനടപടികൾ

# കാര്യക്ഷമമമാക്കേണ്ടതാണ്

പ്രോജക്ട് നം - 231/2018-സോളാർ പവർ പ്ലാന്റ്

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

അടങ്കൽ- 880000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

ചെലവ്- 880000

ബിൽ നമ്പർ: 24/17-18 തീയതി 27-2-18
നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത് കെട്ടിടത്തിൽ സ്ഥാപിച്ച സൗരോർജ്ജ പ്ലാന്റ് പ്രവർത്തനക്ഷമമാക്കി നേട്ടം ഉണ്ടാക്കുവാൻ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച് നടപടികൾ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

അനർട്ടിന് തുക കൈമാറിയതിന്റെ വിവരം

പഞ്ചായത്ത് കെട്ടിടത്തിന്റെ മുകളിൽ 10KW ശേഷിയുള്ള ശൃംഖല ബന്ധിത സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുനുള്ള ചുമതല നോഡൽ ഏജൻസിയായ അനർട്ടിനെ എൽപ്പിക്കുകയും 880000 രൂപ കൈമാറുകയും ചെയ്തിട്ടുണ്ട്.

ഓൺ ഗ്രിഡ് പവർ പ്ലാന്റിനായി - അനർട്ട് സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനും, സോളാർ ജനറേഷൻ മീറ്റർ, നെറ്റ് മീറ്റർ, വിവിധ രജിസ്ട്രേഷൻ എന്നിവയ്ക്കായുള്ള ഏകദേശ ചെലവ് 800000 രൂപയും, ഡെപ്പോസിറ്റ് വർക്ക് ചെയ്യുന്നതിനുള്ള അനർട്ടിന്റെ സർവീസ് ചാർജ്ജ് (10%) 80000 രൂപയും ഉൾപ്പെടെ ആകെ 880000 രൂപ അനർട്ടിന്റെ പാലക്കാട് ജില്ലാ ഓഫീസിലേക്ക് 28-2-2018 തീയതിയിൽ ഡെപ്പോസിറ്റ് ചെയുകയും, അതേ തീയതിയിൽ കരാർ ഒപ്പു വൈക്കുകയും ചെയ്തിട്ടുണ്ട്. ബാങ്ക് അക്കൗണ്ട് നം. 67141838546

തുടർ നടപടികൾ

കരാറിലെ വ്യവസ്ഥയനുസരിച്ച് എം.എൻ.ആർ.ഇ നിഷ്കർഷിച്ചിട്ടുള്ള സ്പെസിഫിക്കേഷൻ പ്രകാരം ഇഗാ ടെക്ക് ഇന്റസ്ട്രിയൽ ഇലക്ട്രോണിക്ക് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനമാണ് അനർട്ടിനായി പ്രവൃത്തി നടത്തിയിട്ടുള്ളത്. പ്ലാന്റിന്റെ പ്രവൃത്തി 19-7-2018 ൽ പൂർത്തീകരിച്ചിട്ടുണ്ട്.

വൈദ്യുതിയുടെ ഉപയോഗം

പ്ലാന്റിൽ നിന്നും കിട്ടുന്ന വൈദ്യുതി ഗ്രാമപഞ്ചായത്ത് ആവശ്യത്തിനും ബാക്കി കെ.എസ്.ഇ.ബിയുടെ പവർ ഗ്രിഡിലേക്ക് നൽകുവാനുമാണ് ലക്ഷ്യമിട്ടത്. ഇതിനായി കെ.എസ്.ഇ.ബി. കൊഴിഞ്ഞാമ്പാറ ഇലക്ട്രിക്കൽ സെക്ഷൻ സബ് എഞ്ചിനിയറുമായി 9/25-9-2019 നമ്പർ എഗ്രിമെന്റ് ഒപ്പു വയ്ക്കുകയും, കെ.എസ്.ഇ.ബി മീറ്റർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

3/23-10-18 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ 10-6-2014 ലെ 2096/കെ.എസ്.ഇ.ആർ.സി/സി.ടി/2014-ാം നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം റഗുലേറ്ററി കമ്മീഷൻ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന റേറ്റ് പ്രകാരം വൈദ്യുതി ചാർജ്ജ് തുക കണക്കാക്കുന്നതാണ് എന്ന് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

യഥാർത്ഥ ചെലവ്

കരാർ വ്യവസ്ഥ അനുസരിച്ച് സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി അനർട്ടിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള 880000 രൂപയിൽ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള യഥാർത്ഥ ചെലവ് 5,95,013 രൂപയാണ്. ബാക്കി തുക അനർട്ടിൽ നിന്നും ലഭ്യമാക്കാൻ 10-10-2018 തീയതിയിലെ എ2-200/2018 നമ്പർ കത്തിൽ ആവശ്യപ്പെട്ടിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. IGA TECH ഇൻഡസ്ട്രിയൽ ഇലക്ട്രോണിക്ക് പ്രൈവറ്റ് ലിമിറ്റഡിൽ നിന്നും ലഭ്യമായ സാധന സാമഗ്രികളുടെ വാറന്റി സർട്ടിഫിക്കറ്റ് ശ്രദ്ധാപൂർവ്വം സൂക്ഷിക്കേണ്ടതാണ്. കരാർ ഉടമ്പടിയിൽ നിഷ്കർഷിച്ചിട്ടുള്ള വാറണ്ടി കാലാവധിക്കുള്ളിൽ സംഭവിക്കുന്ന കേടുപാടുകൾ അനർട്ട് മുഖേന പരിഹരിക്കേണ്ടതാണ്. വാറന്റി കാലയളവ് താഴെ കൊടുക്കുന്നു.

| ഇനം | വാറണ്ടി |
|---|---|
| PV module -HHV Solar | Limited power warranty of 90% of the minimum peak power up to 10 years of supply, and 80% of minimum peak power upto 25 years of supply. |
| INVERTER-10KVA ON Grid-make Delta power solution | 5 Years |

2. പവർ പ്ലാന്റിന്റെ സാധന സാമഗ്രികളുടെ മെയിന്റനൻസ് പ്രവർത്തികൾ പരിശോധിക്കുകയും, ആയത് കൃത്യമായി ഒരു രജിസ്റ്ററിൽ എഴുതി കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

3. സോളാർ പവർ പ്ലാന്റിന്റെ വിശദാംശം ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

4. നേരിൽ പരിശോധിച്ചതിൽ പവർ പ്ലാന്റ് സ്ഥാപിച്ചിട്ടുള്ള കെട്ടിടത്തിന്റെ മുകൾ വശത്ത് കയറി ചെല്ലാൻ വഴിയില്ലാത്ത അവസ്ഥയാണെന്ന് ബോധ്യപ്പെട്ടു. ഗ്രിഡുകളുടെ ക്ലീനിങ് കൃത്യമായ ഇടവേളകളിൽ നടത്തേണ്ടത് അത്യാവശ്യമായതിനാൽ കെട്ടിടത്തിന്റെ മുകളിൽ കയറി ചെല്ലാനുള്ള വഴി അടിയന്തിരമായി സ്ഥാപിക്കേണ്ടതാണ്.

5. കെ.എസ്.ഇ.ബി ക്ക് നൽകുന്ന വൈദ്യുതിയുടെ തുക കൃത്യമായി ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

6. അനർട്ടിൽ നിന്നും ലഭ്യമാക്കുവാനുള്ള ബാക്കി തുക ലഭ്യമാക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.



പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് മുകളിൽ സ്ഥാപിച്ച സോളാർ പാനൽ

## 3-3 കെ.എസ്.ഇ.ബി ക്ക് നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയില്ല

2017-18 വർഷത്തെ ഡെപ്പോസിറ്റ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

2017-18 വർഷത്തിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ എന്ന പദ്ധതിക്കായി വൈദ്യുതി ബോർഡുമായി കരാർ ഒപ്പുവെക്കുകയും, 1692992 രൂപ ഡെപ്പോസിറ്റ് ചെയ്യുകയുമുണ്ടായി. ഡെപ്പോസിറ്റ് തുകകളുടെ വിവരം താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക |
|---|---|---|---|
| കെ.എസ്.ഇ. ബി, നാട്ടുകൽ | 182/18- വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 16/17-18/28-12-18 | 192357 |
| | | 18/17-18/28-3-18 | 335685 |
| | | 19/17-18/17-1-18 | 999850 |
| | | 23/17-18/17-1-18 | 127753 |
| | | 33/28-3-2018 | 37347 |
| ആകെ | | | 1692992 |

മേൽ പ്രവൃത്തിയുടെ പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രങ്ങളും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. പൂർത്തീകരണം ഉറപ്പാക്കി ബാക്കി തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 കാരാകോട് കുടിവെള്ള പദ്ധതി പൂർത്തീകരണം ഉറപ്പാക്കിയില്ല

കുടിവെള്ള പദ്ധതികൾ ഫലപ്രാപ്തി കൈവരിക്കാതെ അവശേഷിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ ലക്ഷ്യമിടുകയും രേഖകളുടെ പരിശോധനയിൽ താഴെ പറയുന്ന കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണം ഉറപ്പാക്കിയിട്ടില്ലെന്ന് ബോധ്യപ്പെടുകയും ചെയ്തു.

പ്രോജക്റ്റ് നം.15/18

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി. എഞ്ചിനിയർ

നല്ലേപ്പിള്ളി 1-ാം വാർഡിലുൾപ്പെട്ടതും 2017-18 സാമ്പത്തിക വർഷം നിർവ്വഹണം

നടത്തിയതുമായ *കാരാക്കോട് കുടിവെള്ള പദ്ധതി* (അടങ്കൽ 270000/-രൂപ, ചെലവ് – 225443 രൂപ – ബിൽ നം. 11/17-18, തീ. 25-7-18) യുടെ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള വിവരങ്ങൾ ഓഡിറ്റിന് ലഭ്യമായില്ല. 17-7-2015 ൽ ടെൻഡർ ചെയ്ത പ്രവർത്തിക്ക് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന്റെ ഫീസിബിലിറ്റി ലഭ്യമാകുന്നത് 15-12-2016 നാണ്. 28-6-2017ന് പ്രവർത്തി പൂർത്തീകരിച്ചതായി രേഖപ്പെടുത്തുകയും ഇലക്ട്രിക്ക് കണക്ഷൻ ലഭ്യമാകാതെ ഫൈനൽ ബിൽ തയ്യാറാക്കി നല്കുകയും ചെയ്തിട്ടുണ്ട്. കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള അവസ്ഥ, ഇലക്ട്രിക്ക് കണക്ഷൻ ലഭ്യമായ വിവരം, ഗുണഭോക്തൃ സമിതിക്ക് പദ്ധതി കൈമാറിയ വിവരം എന്നിവ അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല.
പദ്ധതിയുടെ പൂർത്തീകരണം ഉറപ്പാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-5 ലെവലിംഗ് ഇൻസ്ട്രുമെന്റ് വാങ്ങൽ -പദ്ധതികൾ നടപ്പിലാക്കിയതിലെ അപാകതകൾ

പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പാലിച്ചുകൊണ്ടാണോ വാങ്ങലുകൾ നടത്തിയിട്ടുള്ളതെന്ന് പരിശോധിച്ചതിൽ ലെവലിംഗ് ഇൻസ്ട്രുമെന്റ് വാങ്ങിയതിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലെന്ന് കണ്ടെത്തി.
പ്രോജക്ട് നമ്പർ 218/18

നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി

അടങ്കൽ: 50000 വികസന ഫണ്ട്(ജനറൽ)

ചെലവ് :49400

ബിൽ നമ്പർ :15/17-18 തിയതി 27-12-17

മേൽ പ്രൊജക്റ്റ് പ്രകാരമുള്ള വാങ്ങലിനായി ടെണ്ടർ ക്ഷണിച്ചപ്പോൾ സൗത്ത് ഇന്ത്യൻ ഇൻസ്ട്രീസ്, രാജധാനി എന്നീ 2 സ്ഥാപനങ്ങളുടെ ടെണ്ടർ മാത്രമാണ് ലഭിച്ചിട്ടുള്ളത്. രാജധാനി എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്.

സ.ഉ(എം.എസ്)നം.80/2017/ത.സ്വ.ഭ.വ തീ 03.04.2017 പ്രകാരം പുറപ്പെടുവിച്ച 2017-18 വർഷത്തെ സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.7 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടി ക്രമങ്ങളുടെ വാങ്ങൽ രേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ സ.ഉ.(പി)നം.259/2010/ത.സ്വ.ഭ.വ തീ 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗരേഖയിൽ വാങ്ങലിന്റെ ആവശ്യം തിരിച്ചറിഞ്ഞ് സ്പെസിഫിക്കേഷൻ തയ്യാറാക്കേണ്ടതും ആയത് പ്രകാരം വാങ്ങൽ പദ്ധതി

അന്തിമമാക്കുകയും ചെയ്യേണ്ടതിന്റെ പ്രധാന ചുമതല പ്രൊക്യൂർമെന്റ് ടീമിനാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗ രേഖയിൽ മതിപ്പു വില 25000 രൂപ മുതൽ ഒരു ലക്ഷം വരെയുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടർ നടപടിയാണ് സ്വീകരിക്കേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതനുസരിച്ച് 8-10 പേരിൽ നിന്നും (കുറഞ്ഞത് 5) നിരക്കുകൾ ക്ഷണിക്കേണ്ടതും 4 മുതൽ 6 വരെ ടെണ്ടറുകൾ ഉറപ്പാക്കേണ്ടതുമാണ്. മേൽ സൂചിപ്പിച്ച വാങ്ങലിൽ ഓപ്പൺ ടെണ്ടർ നടപടി സ്വീകരിച്ചപ്പോൾ 2 ടെണ്ടറുകൾ മാത്രമാണ് ലഭ്യമായത്. ലിമിറ്റഡ് ടെണ്ടർ മുഖേന വാങ്ങൽ നടത്തിയിരുന്നെങ്കിൽ കുറഞ്ഞത് 4 ടെണ്ടറുകൾ ഉറപ്പാക്കുവാനും കൂടുതൽ സാമ്പത്തിക നേട്ടം ഉറപ്പാക്കുവാനും സാധിക്കുമായിരുന്നു.

പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 17-10-17ന് ചേർന്ന യോഗത്തിൽ ലെവലിംഗ് ഇൻസ്ട്രുമെന്റ് വാങ്ങുന്നതിനുള്ള തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടെങ്കിലും വാങ്ങൽ നടപടികളിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് വിലയിരുത്തിയിട്ടില്ല.

10/26-10-2018 ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ GST വിഷയവുമായി ബന്ധപ്പെട്ട് ആശങ്കയുള്ളതിനാൽ പല ടെണ്ടർമാരും ടെണ്ടർ ബഹിഷ്കരിച്ച സാഹചര്യം നിലനിന്നിരുന്നുവെന്നും ലെവലിംഗ് ഇൻസ്ട്രുമെന്റ് അത്യാവശ്യമായതിനാലാണ് ടെണ്ടർ സ്വീകരിച്ചത് എന്നും അറിയിച്ചു.

ഓഡിറ്റ് നിർദേശങ്ങൾ

വാങ്ങലിൽ സ.ഉ.(പി) 259/2010/ ത.സ്വ.ഭ.വ തിയതി 8-11-2010 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗ രേഖയിലെ നിർദേശങ്ങൾ കർശ്ശനമായി പാലിക്കേണ്ടതാണ്.

## 3-6 ക്ഷീര വികസന പരിപാടി - മാർഗ്ഗരേഖ അനുസരിച്ച് പ്രൊജക്റ്റുകൾ ആവിഷ്കരിക്കേണ്ടതാണ്

മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ തുക ഗുണഭോക്താക്കൾക്ക് നൽകുന്ന വിധത്തിൽ പ്രൊജക്റ്റുകൾ ആവിഷ്കരിക്കുന്നുണ്ടോ എന്ന് വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.
പ്രൊ.നം. 105/18

നിർവ്വഹണ ഉദ്യോഗസ്ഥൻ: ഡയറി ഫാം ഇൻസ്ട്രക്ടർ

ക്ഷീര വികസന പരിപാടിയുടെ ഭാഗമായി 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ പദ്ധതിയിൽ പാലിന് ലിറ്ററൊന്നിന് 3/- രൂപാ നിരക്കിലാണ് സബ്സിഡി തുക വിതരണം ചെയ്തിരിക്കുന്നത്. 13-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (എം.എസ്) 80/2017/ത.സ്വ.ഭവ. തിയതി 3.4.2017 ഖണ്ഡിക 8.2.8 പ്രകാരം സബ്സിഡി തുക ഡിപ്പാർട്ട്മെന്റ് തുകയായ 1/- രൂപ ഉൾപ്പെടെ വിതരണം ചെയ്യണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. ഡിപ്പാർട്ട്മെന്റ് തുക ഉൾപ്പെടെ 4 രൂപ അനുവദനീയമാണ്.

മാർഗ്ഗരേഖ കൃത്യമായി പാലിച്ച് പദ്ധതി നിർവ്വഹണം നടത്തുകയാണെങ്കിൽ ഇത്തരം അപാകതകൾ ഒഴിവാക്കാവുന്നതാണ്.
അരണ്ടപ്പള്ളം ക്ഷീരോല്പാദക സഹകരണ സംഘത്തിലെ ഒരു ഗുണഭോക്താവിന് 31932/-രൂപ സബ്സിഡി ഇനത്തിൽ അനുവദിച്ച് നല്കിയിട്ടുണ്ട്. ഒരു കർഷകന് നൽകാവുന്ന പരമാവധി സബ്സിഡി തുക 30000/- രൂപയായി മാർഗ്ഗരേഖ പ്രകാരം നിജപ്പെടുത്തിയിട്ടുണ്ട്. അധികം നൽകിയ തുക 1932 രൂപ ഉത്തരവാദിയായവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം 23/27-10-2018 ന് മറുപടി ലഭ്യമായില്ല.

# 3-7 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ജലസംരക്ഷണത്തിനായി നടത്തിയ പ്രവർത്തനങ്ങൾ അഭിനന്ദനാർഹം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ആസ്തികൾ സൃഷ്ടിക്കുന്നതിന് മുൻഗണന നൽകുന്നുണ്ടോ എന്ന് വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.
നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2017-18 വർഷത്തിൽ ആകെ ചെലവഴിച്ചിരിക്കുന്നത് 3 കോടി 15 ലക്ഷം രൂപയാണ്. 3574 വ്യക്തികൾക്കായി 119176 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. 3197 കുടുംബങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. ഭൂഗർഭ ജലവിതാനം വളരെ താഴ്ന്ന ചിറ്റൂർ താലൂക്കിൽ ഉൾപ്പെടുന്ന, 7 നീർത്തടങ്ങളുള്ള നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം ജലസംരക്ഷണത്തിനായി നടപ്പിലാക്കിയ പദ്ധതികളുടെ

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | എണ്ണം | ആകെ മനുഷ്യ ദിനങ്ങൾ | ചെലവ് |
|---|---|---|---|---|
| 1 | കിണർ നിർമ്മാണം | 17 | 2170 | 572880 |
| 2 | ഫാം പോണ്ട് (കൊക്കർണി) | 38 | 24400 | 6441600 |
| 3 | കുളം നിർമ്മാണം | 2 | 1700 | 448800 |
| 4 | തടയണ നിർമ്മാണം | 70 | 64700 | 17080800 |
| 5 | കിണർ റീച്ചാർജ്ജ് | 2 | 2 | 528 |
| | ആകെ | 129 | 92972 | 24544608 |

ചെലവിന്റെ 81 ശതമാനം മേൽ പ്രവൃത്തികൾക്കായി ഉപയോഗിച്ചിട്ടുണ്ട്. പ്രാദേശികമായ പ്രശ്നങ്ങൾ കൂടി കണക്കിലെടുത്ത് ജല സംരക്ഷണത്തിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയത് അഭിനന്ദനാർഹമാണ്.

കുളം നിർമ്മാണം





കിണർ നിർമ്മാണം



തടയണ നിർമ്മാണം

# 3-8 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്

23-5-2017ലെ പഞ്ചായത്ത് ഡയറക്ടറുടെ എ-1/10034/16 സർക്കുലറിലെ നിർദ്ദേശപ്രകാരം പുതിയ കെട്ടിടങ്ങൾ തയ്യാറാക്കുമ്പോൾ ആയതിന് പ്ലാൻ തയ്യറാക്കുന്ന എഞ്ചിനീയറിംഗ് വിഭാഗം അങ്കണവാടികൾക്ക് അനിവാര്യമായ കുടിവെള്ള പൈപ്പ്, ഇലക്ട്രിക് വയറിംഗ്, ടോയ്‌ലെറ്റ് എന്നിവകൂടി പ്ലാനിൽ ഉൾപ്പെടുത്തുവാനും നിർദ്ദേശിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ഫണ്ട് ലഭ്യമായിട്ടും ആയത് ഉപയോഗിച്ച് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാതെ ആയത് കയ്യിൽ സൂക്ഷിക്കുക, കെട്ടിടങ്ങൾ നിർമ്മിക്കുവാൻ അനുമതി ലഭിച്ചിട്ടും തുടർ നടപടികൾ സ്വീകരിക്കാതിരിക്കുക തുടങ്ങിയ പ്രവണതകളും നിലനിൽക്കുന്നുണ്ട്. അങ്കണവാടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് മുൻഗണന കൊടുക്കുന്നതിന് പകരം ഉള്ള അങ്കണവാടികളുടെ ഗുണനിലവാരവും കാര്യക്ഷമതയും ഉയർത്തുന്നതിന് വേണ്ട നടപടികൾ ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ നിലവിൽ ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ ഭൗതിക സാഹചര്യവും ഫണ്ട് വിനിയോഗവും ഓഡിറ്റ് വിലയിരുത്തിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

എ. അങ്കണവാടികളുടെ ഭൗതികസാഹചര്യം വിലയിരുത്തൽ

ഗ്രാമപഞ്ചായത്തിൽ ആകെ 32 അങ്കണവാടികളാണുള്ളത്. ഇതിൽ 28 എണ്ണം

സ്വന്തം കെട്ടിടത്തിലും, 4 എണ്ണം വാടക കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. 2 അങ്കണവാടികൾക്ക് സ്വന്തമായി സ്ഥലം ലഭ്യമായിട്ടുണ്ട്. ആണ്ടിത്തറ അങ്കണവാടിക്കായി പത്ത് സെന്റ് സ്ഥലം ലഭ്യമായി 5 വർഷമായെങ്കിലും നാളിതുവരെ കെട്ടിടത്തിന്റെ പണി തുടങ്ങിയിട്ടില്ല. 28 അങ്കണവാടികളിൽ ഒന്നിലും ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റുകൾ ഇല്ല, 9 അങ്കണവാടികളിൽ കുടിവെള്ള സൗകര്യവുമില്ല.

<u>ബി. പോഷകാഹാര പരിപാടിയുടെ കേന്ദ്രസഹായം സമയബന്ധിതമായി ചെലവഴിക്കുന്നില്ല</u>

പൂരക പോഷകാഹാര പരിപാടിയുടെ കേന്ദ്രവിഹിതമായി ലഭിച്ച തുകയിൽ 738864 രൂപ ചെലവഴിക്കാതെ ഗ്രാമപഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടിൽ (TSB-8-സബ് ട്രഷറി) അവശേഷിക്കുന്നുണ്ടെന്ന് പരിശോധനയിൽ കണ്ടെത്തി.
നീക്കിയിരിപ്പിന്റെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 715651 |
| വരവ് | 896163 |
| ആകെ | 1611814 |
| ചെലവ് | 872950 |
| നീക്കിയിരുപ്പ് | 738864 |

സർക്കുലർ നമ്പർ 39033/ഡി.സി.2/2ത.സ്വ.ഭ.വ തിയതി 3-9-2010 പ്രകാരവും മേൽ സൂചിപ്പിച്ച സർക്കുലർ പ്രകാരവും പൂരകപോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.
ഓഡിറ്റ് വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി കേന്ദ്രഫണ്ട് തുകയിൽ 1100000/- രൂപ പൂരക പോഷകാഹാരം പദ്ധതിക്കായി വകയിരുത്തുകയും 872950/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വകയിരുത്തിയ തുകയുടെ 79% ചെലവഴിച്ചിട്ടുണ്ട്.
<u>ഓഡിറ്റ് നിർദ്ദേശം</u>

അക്കൗണ്ടിൽ അവശേഷിക്കുന്ന 738864 രൂപയിൽ പോഷകാഹാരത്തിനുള്ള തുക മാറ്റി വെച്ച് ബാക്കി തുക അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനായി ഉപയോഗിക്കേണ്ടതാണ്.

2017-18 ആണ്ടിത്തറ അങ്കണവാടി കെട്ടിടം നിർമ്മിക്കാൻ ടെണ്ടർ വച്ചെങ്കിലും ആരും പങ്കെടുക്കാത്തതിനാൽ കെട്ടിടം നിർമ്മിക്കാൻ കഴിഞ്ഞില്ലെന്നും, അങ്കണവാടികളിലെ ടോയ്‌ലറ്റുകൾ ശിശു സൗഹൃദമാക്കുന്നതിന് 2019-20 വർഷത്തിൽ പ്രോജക്ട് ആവിഷ്കരിക്കുവാൻ വർക്കിംഗ് ഗ്രൂപ്പിൽ നിർദ്ദേശം സമർപ്പിട്ടുണ്ടെന്ന് ഓഡിറ്റ് അന്വേഷണം 6/11-10-18 നുള്ള മറുപടിയിൽ നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചു.

അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും മുൻഗണന നൽകി അവ പ്രാവർത്തികമാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# 3-9 അങ്കണവാടികൾക്ക് പ്രിന്റിംഗ്, സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതിന് മെയ്ന്റനൻസ് ഗ്രാന്റ് ചെലവഴിച്ചു

അങ്കണവാടികളുടെ ദൈനംദിന ആവശ്യങ്ങൾക്കായി മെയ്ന്റനൻസ് ഗ്രാന്റ് ചെലവഴിച്ചത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആയത് പ്രത്യേകം പരിശോധിക്കുവാൻ തീരുമാനിക്കുകയും അപ്രകാരം തുക ചെലവഴിക്കുവാനുള്ള സാഹചര്യം വിലയിരുത്തുകയും ചെയ്തു. ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.
പ്രോജക്ട് നമ്പർ: 9/18

അടങ്കൽ :10000

ചെലവ് :10000 ( മെയ്ന്റനൻസ് ഗ്രാന്റ് - നോൺ റോഡ് )

നിർവ്വഹണോദ്യോഗസ്ഥൻ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

ബിൽ നമ്പർ 10/17-18/28-2-18

അങ്കണവാടികൾക്കാവശ്യമായ പ്രിന്റിംഗ്, സ്റ്റേഷനറി സാധനങ്ങൾ എന്നിവ വാങ്ങുവാനായി മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡിൽ നിന്നും 10000 രൂപ ചെലവഴിച്ചിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിശ്ചയിക്കുന്ന ഏത് ആവശ്യത്തിനും പൊതു ആവശ്യ ഗ്രാന്റ് ചെലവഴിക്കാവുന്നതാണെന്ന് പൊതു ആവശ്യ ഗ്രാന്റും, മെയിന്റനൻസ് ഗ്രാന്റും വിനിയോഗിക്കുവാനുള്ള മാർഗ്ഗരേഖ ജി.ഒ(എം.എസ്)

നം.330/2004/ത.സ്വ.ഭ.വ തീ 09.12.2004 ൽ വ്യക്തമാക്കിയിട്ടുണ്ട്. തനത് വരുമാനം കുറവായ പഞ്ചായത്തുകളിൽ ആവശ്യമെങ്കിൽ പൊതു ആവശ്യ ഗ്രാന്റിനു പുറമെ ആകെ മെയ്ന്റനൻസ് ഗ്രാന്റിന്റെ 10% കൂടി കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, ടെലഫോൺ ചാർജ്ജ്, മെയ്ന്റനൻസ് വർക്ക്, സ്റ്റേഷനറി പോസ്റ്റേജ് ചെലവുകൾ എന്നീ ആവശ്യ ങ്ങൾക്ക് ഉപയോഗിക്കാവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിൽ അത്തരത്തിൽ തനത് ഫണ്ടിന്റെ അപര്യാപ്തത ഉണ്ടായിരുന്നില്ലെന്ന് കണക്കുകൾ പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടിട്ടുണ്ട്.

6-1-2018 തീയതിയിലെ ഡി.എ1/1032/2017/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നോൺ റോഡ് മെയ്ന്റനൻസ് ഗ്രാന്റിന്റെ ഉപയോഗം സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം പ്രസ്തുത ഫണ്ട് മേൽ ആവശ്യത്തിന് ഉപയോഗിക്കാവുന്നതാണെന്ന് സ്പഷ്ടീകരണം നൽകിയിട്ടുള്ളതായി 11/26-10-18 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭിച്ച മറുപടിയിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ വ്യക്തമാക്കി.

എന്നാൽ പ്രസ്തുത സർക്കുലറിൽ തനത് ഫണ്ട് കുറവായ പഞ്ചായത്തുകളിൽ പൊതു ആവശ്യ ഗ്രാന്റിനു പുറമെ മെയ്ന്റനൻസ് ഗ്രാന്റിന്റെ 10% കൂടി മേൽ ആവശ്യങ്ങൾക്ക് മാർഗ്ഗരേഖയിലെ നിർദേശങ്ങൾക്ക് വിധേയമായി ഉപയോഗിക്കാവുന്നതാണെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.

ഓഡിറ്റ് നിർദ്ദേശം

സ്റ്റേഷനറി ആവശ്യങ്ങൾക്കായി മെയ്ന്റനൻസ് ഫണ്ട് വകമാറ്റി ചെലവഴിക്കുന്നതിന് പകരം പൊതു ആവശ്യ ഗ്രാന്റിൽ നിന്നും ഇത്തരം ചെലവ് നടത്തുവാൻ വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

# 3-10 ഇ.എം.എസ് ഭവന നിർമ്മാണപദ്ധതി പൂർത്തീകരണം - രേഖകളുടെ സൂക്ഷിപ്പ് കൃത്യമല്ല

ഇ.എം.എസ് ഭവന പദ്ധതി അവസാനിക്കുകയും ലൈഫ് മിഷന്റെ നേതൃത്വത്തിൽ ഭവന നിർമ്മാണം നടത്തുവാൻ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടും ഇ.എം.എസ് ഭവന പദ്ധതി പ്രകാരം തുക അനുവദിച്ചത് പ്രത്യേകം പരിശോധനയ്ക്ക് വിധേയമാക്കുവാൻ തീരുമാനിക്കുകയും രേഖകൾ പരിശോധിക്കുകയും ചെയ്തു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ: 216/18 : ഇ എം എസ് ഭവന പദ്ധതി ബാക്കി തുക

അടങ്കൽ -165000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് - 165000 (ബിൽ നം. 9/17-18/31-10-18 പ്രകാരം 165000 രൂപ)

നിർവ്വഹണം: വിഇഒ
തുക പിൻവലിച്ച് താഴെ പറയുന്ന ഗുണഭോക്താക്കളുടെ ബാങ്ക് അകൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക |
|---|---|---|
| 1 | ലക്ഷ്മണൻ | 50000 |
| 2 | പ്രീത | 25000 |
| 3 | ഷതിമോൾ | 60000 |
| 4 | അന്നക്കിളി പ്രഭാകരൻ | 30000 |
| | ആകെ | 165000 |

ക്രമ നമ്പർ 1, 2 ലെ ഗുണഭോക്താക്കൾ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഇ.എം.എസ് ഭവനം പൂർത്തീകരിച്ചിട്ടില്ലാത്തവരാണെന്നും, രണ്ട് പേരേയും പിന്നീട് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതായി ലൈഫ് പദ്ധതിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു.
ക്രമ നമ്പർ 3, 4 ലെ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയ ഫയൽ, രജിസ്റ്ററുകൾ എന്നിവയിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ആകെ കൈപ്പറ്റിയ തുകയും ഭവന നിർമ്മാണം പൂർത്തീകരിച്ചതിന്റെ രേഖകളും ലഭ്യമായില്ല. പാസ്ബുക്കിന്റെ പകർപ്പും ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണം നം. 22/27-10-18 പ്രകാരം രേഖകൾ ആവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമാക്കിയില്ല. ക്രമ നമ്പർ 3, 4 ലെ ഗുണഭോക്താക്കളുമായി ബന്ധപ്പെട്ട വിവരങ്ങൾ / രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ 90000 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-11 മേൽപ്പുര റിപ്പയർ - ഗുണഭോക്താവിന്റെ അക്കൗണ്ട് നമ്പറിൽ അവ്യക്തത

ട്രഷറിയിൽ നിന്നും പിൻവലിച്ച് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് മാറ്റുന്ന തുകകളുടെ കൃത്യത രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ ലക്ഷ്യമിട്ടതിന്റെ അടിസ്ഥാനത്തിൽ മേൽപ്പുര റിപ്പയറിന്റെ രേഖകൾ പരിശോധിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ 89/18( സ്പിൽ ഓവർ) – മേൽപ്പുര റിപ്പയർ (ജനറൽ)

അടങ്കൽ -150000 ( പ്ലാൻ ഫണ്ട് ജനറൽ)

ചെലവ് - 150000

ബിൽ നമ്പർ 2/17-18/ 15-6 -18

ട്രഷറിയിൽ നിന്നും 150000 രൂപ പിൻവലിച്ച് 12 ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. 22/27-10-18 നമ്പർ ഓഡിറ്റ് അന്വേഷണം നൽകിയതിനെ തുടർന്ന് ലഭ്യമാക്കിയ രജിസ്റ്ററും, ബില്ലും, സ്റ്റേറ്റ്മെന്റും തമ്മിൽ ഒത്തു നോക്കിയതിൽ 11 ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് നമ്പറുകൾ തമ്മിൽ പൊരുത്തപ്പെടുന്നുണ്ടെന്ന് ബോധ്യപ്പെട്ടു. ശ്രീ. മുഹമ്മദ് അബ്ദുൾ ഖാദർ എന്ന ഗുണഭോക്താവിന്റെ സ്റ്റേറ്റ്മെന്റ് പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള അക്കൗണ്ട് നമ്പറിൽ (0039053000045795) 7500 രൂപ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ രജിസ്റ്ററിൽ ഈ വ്യക്തിയുടെ അക്കൗണ്ട് നമ്പറായി രേഖപ്പെടുത്തിയിട്ടുള്ളത് 0039053000018619 (സൗത്ത് ഇന്ത്യൻ ബാങ്ക്) എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത ഗുണഭോക്താവിന്റെ യഥാർത്ഥ ബാങ്ക് അക്കൗണ്ട് നമ്പറിന്റെ അവ്യക്തത പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമായില്ല. ബാങ്ക് പാസ്ബുക്കിന്റെ പകർപ്പും ഹാജരാക്കിയിട്ടില്ല. തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് തന്നെയാണ് മാറ്റിയതെന്ന് ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതുവരെ 7500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-12 പി.എം.എ.വൈ പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പി.എം.എ.വൈ വിഹിതം നല്കൽ പദ്ധതിക്ക് 2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് വിഹിതമായി 1495000 രൂപ ചിറ്റൂർ ബ്ളോക്ക് ഡെവലപ്മെന്റ് ഓഫീസർക്ക് കൈമാറിയെങ്കിലും തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. കൈമാറിയ തുകകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് നമ്പർ | കൈമാറിയ തുക | ബിൽ നമ്പറും തീയതിയും |
|---|---|---|
| 118/18- | 180000 | 3/17-18/21-7-17 |

| | | |
|---|---|---|
| പി.എം.എ.വൈ ജനറൽ | 100000 | 5/17-18/11-10-17 |
| 119/18- പി.എം.എ.വൈ എസ്.സി.പി | 300000 | 4/17-18/21-7-17 |
| | 915000 | 6/17-18/21-7-17 |
| ആകെ | 1495000 | |

വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കേണ്ടതാണ്.

# 3-13 വൃദ്ധർക്ക് കട്ടിൽ - ടെണ്ടർ നടപടിക്രമത്തിൽ അപാകതകൾ

ഒരേ സാധനങ്ങൾ രണ്ട് ടെണ്ടറുകൾ വിളിച്ച് വാങ്ങിയത് ശ്രദ്ധയിൽപ്പെട്ടതിനാൽ നടത്തിയ തുടർ പരിശോധനയിൽ വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലെന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ പറയുന്നു.

വയോജനങ്ങൾക്ക് മെച്ചപ്പെട്ട ഭൗതിക സൗകര്യം ഒരുക്കുക എന്ന ലക്ഷ്യത്തിൽ 2017-18 സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ വൃദ്ധർക്ക് കട്ടിൽ എന്ന പ്രോജക്റ്റ് ജനറൽ വിഭാഗത്തിനും, എസ്.സി.പി വിഭാഗത്തിനുമായി നടപ്പിലാക്കിയിട്ടുണ്ട്.
നിർവഹണോദ്യോഗസ്ഥൻ: സെക്രട്ടറി

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്റ്റ് നം - 123/18

അടങ്കൽ - 500000 (വികസനഫണ്ട് പൊതു വിഭാഗം)

ചെലവ് - 497896

ബിൽ നമ്പർ 20/17-18 തീയതി 30-1-18, പിൻവലിച്ച തുക 163176 രൂപ

ബിൽ നമ്പർ 25/17-18 തീയതി 5-3 -18, പിൻവലിച്ച തുക 171544രൂപ

ബിൽ നമ്പർ 26/17-18 തീയതി 5-3 -18, പിൻവലിച്ച തുക 163176 രൂപ

2) പ്രോജക്റ്റ് നം - 122/18

അടങ്കൽ - 500000 (വികസനഫണ്ട് എസ്.സി.പി)

ചെലവ് - 497896

ബിൽ നമ്പർ: 34/17-18 തീയതി 28-3-18

<u>ടെണ്ടറുകൾ വിഭജിച്ച് വിളിച്ചത് മാനദണ്ഡങ്ങൾക്ക് വിരുദ്ധം</u>

ജി.ഒ.(എം.എസ്)13/2015.ഐ.ടി.ഡി/12-5-2015 പ്രകാരം അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിൽ എസ്റ്റിമേറ്റ് വരുന്ന സാധനങ്ങളുടെ സമാഹരണത്തിന് ഇ-ടെണ്ടർ നടപടികൾ പാലിക്കേണ്ടതാണെന്ന് സർക്കാർ നിർദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ രണ്ട് പ്രൊജക്ടുകൾ പ്രകാരമുള്ള വാങ്ങലിൽ ആകെ അടങ്കൽ 10 ലക്ഷം രൂപയായിരുന്നുവെങ്കിലും ഇ - ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനു പകരം രണ്ട് ഓപ്പൺ ടെണ്ടറുകൾ പ്രത്യേകം ക്ഷണിച്ചാണ് വാങ്ങൽ നടത്തിയിട്ടുള്ളത്.

തടിനിർമ്മിത കട്ടിൽ ലഭ്യമാക്കാനായാണ് ടെണ്ടറുകൾ ക്ഷണിച്ചത്. മൂന്ന് ടെണ്ടറുകൾ വീതം ലഭിച്ചിക്കുകയും ഏറ്റവും കുറവ് ക്വോട്ട് ചെയ്ത രാജധാനി ഏജൻസീസ്, ചെർപ്പുളശ്ശേരി എന്ന സ്ഥാപനത്തിന് പർച്ചേസ് ഓർഡർ നൽകുകയും ചെയ്തു. 17-10-17ന് ചേർന്ന പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ യോഗത്തിൽ തീരുമാനം എടുത്തിട്ടുണ്ട്. നിരക്ക് : 4184

<u>പരസ്യം നൽകിയതിൽ അപാകത</u>

എന്നാൽ സ.ഉ.(പി)നം.259/2010/ത.സ്വ.ഭ.വ തിയതി 8-11-2010 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ ഓപ്പൻ ടെണ്ടർ നടത്തുമ്പോൾ വ്യാപക പ്രചാരമുള്ള ഒരു മലയാള ദിനപത്രത്തിലും, ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും പരസ്യം നൽകേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രകാരം രണ്ട് പത്രങ്ങളിൽ പരസ്യം നൽകിയിട്ടില്ല.

രണ്ട് പദ്ധതികളിലെയും ആകെ 238 ഗുണഭോക്താക്കൾക്ക് കട്ടിൽ വിതരണം ചെയ്ത് പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടെങ്കിലും ടെണ്ടർ നടപടിക്രമങ്ങളിൽ ഉണ്ടായ പാളിച്ചകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 4/27-10-2018 ന് വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദേശങ്ങൾ

1. ഇ-ടെണ്ടറിൽ നിന്നും ഒഴിവാകുവാനായി രണ്ട് ഓപ്പൺ ടെണ്ടറുകൾ വിളിച്ചത് മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്. ഒരേ സാധനങ്ങളുടെ വാങ്ങലുകൾക്ക് ടെണ്ടറുകൾ വിഭജിച്ച് വിളിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

2. സ.ഉ.(പി) 259/2010/ ത.സ്വ.ഭ.വ തിയതി 8-11-2010 പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ നിർദേശങ്ങൾ വാങ്ങലുകളിൽ കർശ്ശനമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രൊക്യൂർമെന്റ് കമ്മിറ്റിയും

ഭരണസമിതിയും വാങ്ങലുകളിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 3-14 പൊതുടാപ്പുകൾ കുറവു ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെട്ടുത്തേണ്ടതാണ്

കേരള ജല അതോറിറ്റിയുടെ കീഴിലുള്ള 116 പൊതു കുടിവെള്ള ടാപ്പുകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുണ്ട്. ടാപ്പ് ഒന്നിന് 5250 രൂപ നിരക്കിൽ 50750 രൂപ പ്രതിമാസ വെള്ളക്കരമായി ഗ്രാമപഞ്ചായത്ത് ഒടുക്കി വരുന്നുണ്ട്. പ്രതിവർഷം 6 ലക്ഷം രൂപയിൽ അധികം രൂപ ഈ ഇനത്തിൽ ചെലവഴിക്കുന്നുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സ.ഉ(സാധാരണ)നം.1275/09/ത.സ്വ.ഭ.വ തിയ തി 30-5-2009 പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെട്ടുവിച്ചിട്ടുണ്ട്. ജല അതോറിറ്റി പരിപാലിക്കുന്ന പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ ചെലവ് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു.

ഗാർഹിക കണക്ഷനുകൾക്ക് പ്രോൽസാഹനം നൽകി ഒരു പ്രദേശത്തെ മുഴവൻ വീട്ടുകൾക്കും കുടിവെള്ളം ഉറപ്പാക്കിയതിനുശേഷം പൊതുടാപ്പുകൾ നിർത്തലാക്കുക എന്ന സമീപനം സ്വീകരിച്ചിട്ടില്ല.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. പരമാവധി കുടുംബങ്ങൾക്ക് ജല ലഭ്യത ഉറപ്പാക്കുന്നതിനായി നിയമാനുസൃത സബ്സിഡി അനുവദിച്ച് ഗാർഹിക കുടിവെള്ള കണക്ഷനുകൾ അനുവദിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ആവിഷ്കരിക്കേണ്ടതാണ്. ഇക്കാര്യത്തിനായി 13-ാം പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള തുക വകയിരുത്താവുന്നതാണ്.

2. ജില്ലാ പഞ്ചായത്തുമായി ചേർന്ന് സംയുക്ത പ്രൊജക്റ്റുകൾ ആവിഷ്കരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

3. ഒരു പ്രദേശത്തെ എല്ലാ വീട്ടുകളിലേയും ജലലഭ്യത ഉറപ്പാക്കിയതിനുശേഷം ആ

പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കാവുന്നതാണ്.

4. പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി ഉപയോഗ രഹിതമായവയ്ക്ക് ചാർജ്ജ് ഒടുക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 20/26-10-2018 നുള്ള മറുപടിയിലും 29-10-2018 ലെ എക്സിറ്റ് മീറ്റിംഗിലും പൊതി ടാപ്പുകളുടെ കൃത്യമായ കണക്ക് ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ ആവിഷ്കരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

# 3-15 കുടിവെള്ള പദ്ധതികളുടെ പരിപാലനം കാര്യക്ഷമമാക്കി ഗ്രാമപഞ്ചായത്തിന്റെ ബാധ്യത ലഘൂകരിക്കേണ്ടതാണ്

സ.ഉ(സാധാരണ)നം.1275/09/ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം പുറപ്പെടുവിച്ചിച്ച മാർഗ്ഗരേഖയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് പരിപാലിക്കുന്നതും ജല അതോറിറ്റിയിൽ നിന്ന് കൈമാറിക്കിട്ടിയതുമായ കുടിവെള്ള വിതരണ പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതാണെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ചിരുന്നു. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്നും ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിലെ കാര്യക്ഷമതയും പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ. ഗ്രാമപഞ്ചായത്തിന്റെ കുടിവെള്ള പദ്ധതികളുടെ വിവരം

ജല അതോറിറ്റിയിൽ നിന്നും കൈമാറിക്കിട്ടിയ 5 കുടിവെള്ള പദ്ധതികൾ ഗ്രാമപഞ്ചായത്ത് പരിപാലിക്കുന്നുണ്ട്. ആകെ 1269 ഉപഭോക്താക്കൾ പദ്ധതികൾക്ക് കീഴിലുണ്ട്.

ബി. വെള്ളക്കരം

ഗാർഹിക ഉപഭോക്താക്കളിൽ നിന്ന് പ്രതിമാസം 60 രൂപയും ഗാർഹികേതര ഉപഭോക്താക്കളിൽ നിന്ന് 210 രൂപയുമാണ് നിലവിൽ ഈടാക്കി വരുന്നത്. ഗാർഹിക, ഗാർഹികേതര ഉപഭോക്താക്കളുടെ കണക്ക് കൃത്യമായി പരിപാലിച്ചിട്ടില്ല.

സി. പമ്പ് ഓപ്പറേറ്റർമാർ

പദ്ധതികളുടെ നടത്തിപ്പിനായി 5 പമ്പ് ഓപ്പറേറ്റർമാരെ നിയമിച്ചിട്ടുണ്ട്. ഇവർക്ക് 250 രൂപയാണ് ദിവസ വേതനമായി നൽകുന്നത്.

ഡി. 2016-17 വർഷത്തെ വരവ്-ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല

തൻവർഷത്തെ ആകെ വരവ് 7 ലക്ഷം രൂപയാണ്. വൈദ്യുതി ചാർജ്ജ്, വേതനം, അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി 18 ലക്ഷം രൂപയിൽ അധികം രൂപ ചെലവഴിച്ചിട്ടുണ്ട്. വരവും ചെലവു തമ്മിലുള്ള അന്തരം തനത് ഫണ്ടിന്റെ സാമ്പത്തിക സ്ഥിതിയെ സാരമായി ബാധിച്ചിട്ടും ആയതിന് പരിഹാരം കാണുന്നതിനുള്ള ക്രിയാത്മക നടപടികളൊന്നും ഗ്രാമപഞ്ചായത്ത് നാളിതുവരെ സ്വീകരിച്ചിട്ടില്ല എന്ന് വിലയിരുത്തുന്നു.

ഇ. കുടിശ്ശികയുടെ വിവരം

ഡിമാന്റ് രജിസ്റ്റർ പ്രകാരം ആകെ 640360 രൂപ വെള്ളക്കരം ഇനത്തിൽ ഉപഭോക്താക്കളിൽ നിന്ന് പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നുണ്ട്.

കുടിശ്ശിക വരുത്തിയവർക്കെതിരെ നടപടികൾ സ്വീകരിച്ചതിനുള്ള രേഖകൾ ലഭ്യമായിട്ടില്ല.

എഫ്. പദ്ധതികൾ കൈമാറുന്നതിനായി സ്വീകരിച്ച നടപടികൾ

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച കൊണ്ട് കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് അതാത് പ്രദേശത്തെ ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

ജി. ബൈലോ

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായി നാളിതുവരെ നിയമാവലി രൂപീകരിച്ചിട്ടില്ല.

എച്ച്. ഓഡിറ്റ് നിർദ്ദേശങ്ങൾ

1. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്-സംരക്ഷണ ചുമതല ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കേണ്ടതാണെന്ന 30-5-2009 ലെ സ.ഉ(സാ)നം. 1275/2009/ത.സ്വ.ഭ.വ ഉത്തരവിലെ നിർദ്ദേശം പാലിക്കുന്നതിനുള്ള ശ്രമം ഊർജ്ജിതമാക്കേണ്ടതാണ്.

2. പദ്ധതികൾ കൈമാറുന്നതുവരെ അവയുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനായി ഒരു നിയമാവലി തയ്യാറാക്കേണ്ടതാണ്.

3. ചെലവിന് ആനുപാതികമായി വെള്ളക്കരം കാലാനുസൃതമായി പുതുക്കി

നിശ്ചയിച്ച് പദ്ധതികൾ ഗ്രാമപഞ്ചായത്തിന് സാമ്പത്തിക ബാധ്യത സൃഷ്ടിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

4. കുടിവെള്ളത്തിന്റെ ദുരുപയോഗം നടക്കുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്.

5. വെള്ളക്കരം കുടിശ്ശിക വരുത്തിയവർക്കെതിരെ നടപടികൾ സ്വീകരിച്ച് കുടിശ്ശിക, പിഴ സഹിതം പിരിച്ചെടുക്കേണ്ടതാണ്.

6. 13-ാം പദ്ധതി മാർഗ്ഗരേഖയിലേയും സബ്സിഡി മാർഗ്ഗരേഖയിലേയും നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് തുടർ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

- ഓഡിറ്റ് അന്വേഷണം നം. 19/26-10-2018 നുള്ള മറുപടിയിലും 29-10-2018 ലെ എക്സിറ്റ് മീറ്റിംഗിലും കുടിവെള്ള പദ്ധതികളുടെ പരിപാലനം കാര്യക്ഷമമാക്കുന്നതിനുള്ള തുടർ പദ്ധതികൾ ആവിഷ്കരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

# 3-16 ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - ഇൻവോയ്സ് പ്രകാരമുള്ള മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമായില്ല

ആരോഗ്യ സ്ഥാപനങ്ങളിലെ ചികിത്സ സുഗമമായി നടത്തുന്നതിനാവശ്യമായ മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം നേരിടുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന്റെ ഭാഗമായി ആയുർവേദ മെഡിക്കൽ ഓഫീസർ നടപ്പാക്കിയ രണ്ട് പ്രൊജക്റ്റുകൾ പരിശോധനയ്ക്ക് വിധേയമാക്കി.
ആയുർവേദ മെഡിക്കൽ ഓഫീസർ, നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുവാൻ ലക്ഷ്യമിട്ട് ആവിഷ്കരിച്ച രണ്ട് പ്രൊജക്റ്റുകൾ പ്രകാരം ആകെ 950000 രൂപ ഔഷധിക്ക് കൈമാറിയെങ്കിലും ഇൻവോയ്സ് പ്രകാരമുള്ള മുഴുവൻ മരുന്നുകളും ലഭ്യായിട്ടില്ലെന്ന് പരിശോധനയിൽ കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1) പ്രോജക്റ്റ് നമ്പർ - 92/18

അടങ്കൽ - 650000

ചെലവ് - 650000(ബിൽ നമ്പർ - 50/17-18 തിയതി 9-1-18)

2) പ്രോജക്റ്റ് നമ്പർ - 93/18

അടങ്കൽ - 300000

ചെലവ് - 300000 (ബിൽ നമ്പർ - 57/17-18 തിയതി 8-2-18)

രണ്ട് പ്രോജക്ടുകളിലുമായി 950000 രൂപ ഔഷധിയുടെ അക്കൗണ്ടിലേക്ക് (a/c no 5913005900000015-PNB ഒല്ലൂർ) 9-1-18, 8-2-18 തീയതികളിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

| 650000 രൂപയുടെ പർച്ചേസ് ഓർഡർ പ്രകാരം ലഭ്യമായ മരുന്നുകൾ | | | |
|---|---|---|---|
| ഇൻവോയ്സ് നം. | ലഭ്യമായ മരുന്നിനങ്ങൾ | തുക | മരുന്നുകൾ ലഭ്യമാകാൻ ബാക്കിയുള്ള തുക |
| 90065137/28-5-17 | 19 | 132884.58 | 650000 - 622728.36 |
| 90062652/31-3-18 | 4 | 7381.52 | |
| 90062128/31-3-18 | 34 | 267410.90 | |
| 90070740/29-6-18 | 17 | 62608.36 | |
| 90075331/29-7-18 | 19 | 118652 | |
| 90078323/29-8-18 | 5 | 18832 | |
| 90081056/19-9-18 | 6 | 14959 | |
| ആകെ | | 622728.36 | 27271.64 |
| 300000 രൂപയുടെ പരച്ചേസ് ഓർഡർ പ്രകാരം ലഭ്യമായ മരുന്നുകൾ | | | |
| 90059994/24-3-18 | 15 | 54332 | 300000 - 260739 |
| 90062615/31-3-18 | 2 | 13406 | |
| 90065411/30-5-18 | 12 | 46384 | |

| | | | |
|---|---|---|---|
| 90070952/30-6-18 | 7 | 32758 | |
| 90075490/30-7-18 | 19 | 91187 | |
| 90078462/30-8-18 | 5 | 22672 | |
| | | 260739 | 39261 |

ആകെ (27272+39261) = 66533 രൂപയുടെ മരുന്ന് ലഭിക്കുവാൻ ബാക്കിയുണ്ട്.

13/26-10-18 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ബാക്കി മരുന്നുകൾ ലഭ്യമാക്കുവാനായി ഓർമ്മക്കുറിപ്പ് അയച്ചിട്ടുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

66533 രൂപയുടെ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
മരുന്നുകൾ ലഭ്യമാകുന്നതിലുള്ള കാലതാമസം സ്ഥാപനത്തിന്റെ പ്രവർത്തനത്തെ ബാധിക്കുന്നില്ല എന്ന് കൂടി ഉറപ്പാക്കേണ്ടതാണ്.

## 3-17 ലാപ്ടോപ്പ് വിതരണം - പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിച്ചില്ല

എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നതിനുള്ള ടെണ്ടർ നടപടിക്രമങ്ങളിൽ സ.ഉ(പി)നം.259/2010/തസ്വഭവ തിയതി 08-11-2010 ലേയും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങിലേയും നിബന്ധനകൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുവാനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്.
അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്റ്റ് പ്രകാരം 40 എസ്.സി വിഭാഗം വിദ്യാർത്ഥികൾക്കാണ് ലാപ്ടോപ്പുകൾ വാങ്ങി നൽകിയിട്ടുള്ളത്. രേഖകളുടെ പരിശോധനയിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ പല നിബന്ധനകളും പാലിക്കാതെയാണ് വാങ്ങൽ നടത്തിയിട്ടുള്ളതെന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രൊ.നം.110/18-എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. സെക്രട്ടറി

അടങ്കൽ - 1120000 (എസ്.സി.പി)

ചെലവ് - 1112720 (ബിൽ നം. 14/20-3-2018)

27-12-2017 ന് ടെണ്ടർ പരസ്യം പ്രസിദ്ധീകരിച്ചതനുസരിച്ച് 5 ടെണ്ടറുകൾ ലഭ്യമായെങ്കിലും സാങ്കേതിക കാരണങ്ങളാൽ ടെണ്ടറുകളൊന്നും സ്വീകരിച്ചില്ല. ടെക്ബറി എന്റർപ്രൈസസ് എന്ന സ്ഥാപനം നികുതി ഉൾപ്പെടെ 27226 രൂപ ക്വോട്ട് ചെയ്തിരുന്നുവെങ്കിലും സാങ്കേതിക കാരണങ്ങളാൽ ടെണ്ടർ അംഗീകരിച്ചിട്ടില്ല.

ടെണ്ടറുകൾ പ്രൊക്യൂർമെന്റ് കമ്മിറ്റി വിലയിരുത്തുകയോ പുനർ ടെണ്ടർ നടത്തുവാൻ ശുപാർശ ചെയ്യുകയോ ചെയ്തിട്ടില്ല. 21-12-2017ലെ ഭരണസമിതിയുടെ തീരുമാനം നം. 14(5) പ്രകാരമാണ് തീരുമാനം എടുത്തിട്ടുള്ളത്. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ശുപാർശയാണ് ഭരണ സമിതി അംഗീകരിക്കേണ്ടതെന്ന നടപടിക്രമം പാലിച്ചിട്ടില്ല.

14-2-2018 ലെ പുനർ ടെണ്ടർ പരസ്യം അനുസരിച്ച് ഒരു ടെണ്ടർ മാത്രമാണ് ലഭ്യമായത്.

തീംസ്, ചിറ്റൂർ എന്ന സ്ഥാപനം ക്വാട്ട് ചെയ്ത തുക 27818 രൂപയാണ്. പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം ഒരു ടെണ്ടർ ലഭ്യമായാലും വില യുക്തിഭദ്രമാണെങ്കിൽ ടെണ്ടർ ഉറപ്പിക്കാവുന്നതാണ്. മുൻ ടെണ്ടർ നിരക്കിനേക്കാളും സാരമായ വ്യത്യാസം ഉണ്ടെങ്കിൽ സോഷ്യൽ ഓഡിറ്റ് കമ്മിറ്റി അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ വിലപേശൽ നടത്തി വില കുറവു ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം റീടെണ്ടർ ചെയ്യേണ്ടതാണ്. സാമ്പത്തിക വർഷത്തിന്റെ അവസാന ഘട്ടമായതിനാൽ പ്രൊജക്റ്റ് നിർവ്വഹണം ദ്രുതഗതിയിൽ നടത്തിയതിനാലാണ് ലഭ്യമായ ടെണ്ടർ സ്വീകരിച്ചതെന്ന് ഓഡിറ്റ് അന്വേഷണം നം. 6/24-10-2018 ന് മറുപടി ലഭ്യമായിട്ടുണ്ട്.

ഏക ടെണ്ടർ ലഭ്യമായ വിതരണക്കാരനുമായി വിലപേശൽ നടത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് വ്യക്തമായ മറുപടി ലഭ്യമായില്ല.

മറ്റ് അപാകതകൾ താഴെ ചേർക്കുന്നു

ടെണ്ടർ പരസ്യത്തിന് 21 ദിവസം സമയം നൽകേണ്ടതാണെന്ന നിബന്ധന പാലിച്ചിട്ടില്ല.

ഒരു ഇംഗ്ലീഷ്, മലയാളം ദിനപത്രത്തിൽ പരസ്യം നൽകുന്നതിനു പകരം രണ്ട് മലയാളം ദിനപത്രങ്ങളിലാണ് പരസ്യം നൽകിയിട്ടുള്ളത്.

ലാപ് ടോപ്പുകളുടെ OEM വാറണ്ടി 5 വർഷത്തേക്കാണ് ആവശ്യപ്പെട്ടിരുന്നതെങ്കിലും 1 വർഷത്തെ OEM വാറണ്ടിയും 4 വർഷത്തെ സർവ്വീസ് വാറണ്ടിയുമാണ് സ്ഥാപനം നൽകിയിട്ടുള്ളത്. ഐ.കെ.എം പരിശോധന നടത്തിയതിനു ശേഷമാണ് വാങ്ങൽ നടത്തിയതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിഗമനങ്ങളും നിർദ്ദേശങ്ങളും

മത്സരം ഉറപ്പാക്കി ഗ്രാമപഞ്ചായത്തിന്റെ മിതവ്യയത്വം ഉറപ്പാക്കുന്നതിനുള്ള ശ്രമം ഉണ്ടാകാതിരുന്നതിനാൽ വാങ്ങലിൽ പാഴ്ചെലവ് ഉണ്ടായതായി വിലയിരുത്തുന്നു. ആദ്യ ഘട്ടത്തിൽ ക്വോട്ട് ചെയ്ത 27226 രൂപയിലേക്ക് രണ്ടാം ഘട്ടത്തിൽ ലഭ്യമായ ടെണ്ടററുടെ നിരക്ക് നെഗോഷ്യേറ്റ് ചെയ്തിരുന്നുവെങ്കിൽ 23682 (592x40) രൂപയുടെ നേട്ടം ഉണ്ടാക്കാമായിരുന്നു.
മതിയായ സമയം അനുവദിക്കാതെ സാമ്പത്തിക വർഷാവസാനം തിരക്കു പിടിച്ച് വാങ്ങലുകൾ നടത്തരുതെന്ന സ്റ്റോർസ് പർച്ചേസ് മാനദണ്ഡവും പാലിക്കപ്പെട്ടിട്ടില്ല.

വാങ്ങലുകളിൽ സുതാര്യത ഉറപ്പാക്കേണ്ടതാണ്.

വാങ്ങലുകളിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

# 3-18 ഗ്രാമപഞ്ചായത്തിൽ ഫലപ്രദമായ ഖരമാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണത്തിനായി ആവിഷ്കരിക്കപ്പെട്ട പല പദ്ധതികളും നടപ്പാക്കിയിട്ടില്ല എന്നത് കണക്കിലെടുത്ത് ആയതിന്റെ കാരണം വിലയിരുത്തുവാൻ ഓഡിറ്റ് ലക്ഷ്യമിടുകയും വിവിധ രേഖകൾ പരിശോധിക്കുകയും ചെയ്തു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

2017-18 വർഷത്തിൽ തുമ്പൂർമൂഴി മോഡൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 498000 രൂപ വകയിരുത്തി പ്രൊജക്റ്റ് ആവിഷ്കരിച്ചുവെങ്കിലും (നം.236/18) ആയത് തൻവർഷം നടപ്പാക്കുവാൻ സാധിച്ചിട്ടില്ല. ശുചിത്വമിഷനിൽ നിന്നും 498000 രൂപ 9-3-2018 ന് ഈ ആവശ്യത്തിനായി ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്.

ഡസ്റ്റ്ബിൻ സ്ഥാപിക്കാൻ 450900 രൂപ ഫിനാൻസ് കമ്മീഷൻ ഗ്രാന്റിൽ നിന്നും

വകയിരുത്തി ഒരു പൊജക്റ്റ് (ന. 232/18) തൻവർഷം നടപ്പാക്കിയിട്ടില്ല.

മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 21/26-10-2018 നുള്ള മറുപടിയിൽ ശുചിത്വമിഷനിൽ നിന്നും സാങ്കേതികാനുമതി ലഭ്യമാകുവാൻ വൈകിയതിനാലാണ് പദ്ധതി വൈകിയതെന്ന് അറിയിച്ചിട്ടുണ്ട്. വിവിധ വാർഡുകൾ കേന്ദ്രീകരിച്ച് അജൈവ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

മാലിന്യ സംസ്കരണ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ സ.ഉ(കൈ)നം.11/2018 /തസ്വഭവ തിയതി 29-01-2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ 7.1.സി എന്ന ഖണ്ഡികയിലെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുക്കേണ്ടതാണ്.

ശുചിത്വ മിഷനിൽ നിന്നും ലഭ്യമായ ഫണ്ട് കാര്യക്ഷമമായി വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ആവിഷ്കരിക്കപ്പെടുന്ന പ്രൊജക്റ്റുകൾ നടപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കേണ്ടതാണ്.

ശാശ്വതമായ മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള തുടർപദ്ധതികൾക്ക് രൂപം നൽകേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-19 ബാലസഭാ പ്രവർത്തനങ്ങൾ - മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ ആവിഷ്കരിച്ച് നടപ്പാക്കി

190/18-ബാലസഭാ പ്രവർത്തനങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ, ജി.യു.പി.എസ്

അടങ്കൽ: 100000 (വികസന ഫണ്ട്)

ചെലവ് : 52848 (ബിൽ നം. 3/25-09-2017)

സ.ഉ(എം.എസ്)നം.80/2017/തസ്വഭവ തിയതി 3-4-2017 പ്രകാരം പുറപ്പെടുവിച്ച 2017-18 വർഷത്തെ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 23 പ്രകാരം തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങളിലെ ബാലസഭാ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് സംസ്ഥാനതല നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് പ്രൊജക്റ്റ് തയ്യാറാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾക്ക് ഇതിനായി കുറഞ്ഞത് 25000 രൂപ ചെലവഴിക്കാവുന്നതാണ്. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പരിപത്രം നം.1125/കെ/2015/കെ.എസ്.എച്ച്.എ തിയതി 3-7-2017 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബാലസഭാ പ്രൊജക്റ്റിൽ ഉൾപ്പെടുത്തേണ്ട പ്രവർത്തനങ്ങളും കാലയളവും വ്യക്തമാക്കിയിട്ടുണ്ട്. ജൂലൈ 15 ന് ആരംഭിച്ച് ഡിസംബർ വരെയുള്ള കാലയളവിൽ വിവിധ പ്രവർത്തനങ്ങൾ നടത്തുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

ബാലസഭാ പ്രവർത്തനങ്ങൾക്കുള്ള പ്രൊജക്റ്റ് ആവിഷ്കരിച്ച് നടപ്പാക്കിയത് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായാണോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

<u>ഗ്രാമപഞ്ചായത്തിൽ നടന്ന പ്രവർത്തനങ്ങൾ</u>

19-9-2017 ന് ബാലസഭാ ഓണാഘോഷവും കലോൽസവവും മാത്രമാണ് സംഘടിപ്പിച്ചിട്ടുള്ളത്. ഓണാഘോഷത്തിനായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

<u>ഹെഡ് മാസ്റ്ററുടെ നടപടിക്രമം നം. പി.190/17 തിയതി 28-9-2017 പ്രകാരം</u>

| ഇനം | ചെലവ് (രൂപ) |
|---|---|
| ലൈറ്റ് ആന്റ് സൗണ്ട് | 6000 |
| ഘോഷയാത്ര-നാസിക് ഡോൾ | 5000 |
| പ്രിന്റിംഗ് -നോട്ടീസ് | 4500 |
| പേന, ഷീൽഡ്, പേപ്പർ, ട്രോഫി, മുതലായവ | 11348 |
| ഭക്ഷണം - കുടുംബശ്രീ, നല്ലേപ്പിള്ളി<br>400 പേർ x17.5=7000 (ചായ, സ്നാക്സ്)<br>400 പേർ x 40 = 16000 (ഉച്ചഭക്ഷണം) | 23000 |
| ജഡ്ജ് മെന്റ് (6x500) | 3000 |
| ആകെ | 52848 |

കുടുംബശ്രീയുടെ സംസ്ഥാന മിഷന്റെ നിർദ്ദേശങ്ങൾ പാലിക്കാതെ ഒരു ദിവസത്തെ പ്രവർത്തനം മാത്രമാണ് ഗ്രാമപഞ്ചായത്തിൽ നടന്നിട്ടുള്ളത്. ബാലസഭയിലെ അംഗങ്ങൾ തന്നെയാണോ ഏകദിന പരിപാടിയിൽ പങ്കെടുത്തതെന്ന് വ്യക്തമാക്കുന്ന രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

പ്രൊജക്റ്റ് ആവിഷ്കരിച്ചിട്ടുള്ളത് വിദ്യാഭ്യാസം, കലയും സംസ്കാരവും, യുവജനകാര്യം വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്യാതെയാണ്. പദ്ധതി ആസൂത്രണ നടപടിക്രമങ്ങൾ പാലിക്കാതെ പ്രൊജക്റ്റിന് അംഗീകാരം ലഭ്യമാക്കിയതും കുടുംബശ്രീയുടെ പ്രഖ്യാപിത സമയക്രമം പാലിക്കാതിരുന്നതും അപാകതയായി വിലയിരുത്തുന്നു.

ഓഡിറ്റ് അന്വേഷണം നം. 7/24-10-2018 നുള്ള മറുപടിയിൽ വിവിധ വിദ്യാലയങ്ങളിലെ കുട്ടികളുടെ വിവിധ കഴിവുകളെ വളർത്തിക്കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഒരു ദിവസം മുഴുവൻ നടത്തിയതെന്നും ഇതിൽ വിദഗ്ധരുടെ ക്ലാസ്സുകളും മത്സരങ്ങളും നടത്തിയിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഓണാഘോഷം, കലാമത്സരങ്ങൾ എന്ന് തലക്കെട്ടിൽ അബദ്ധത്തിൽ ചേർത്തതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. കുടുംബശ്രീയുടെ ജില്ലാ മിഷനിൽ നിന്നും ബാലസഭാ പ്രവർത്തനങ്ങൾക്കുള്ള മോഡ്യൂൾ ലഭ്യമായില്ല എന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

ബാലസഭാംഗങ്ങളുടെ ക്രിയാത്മക പ്രവർത്തനങ്ങൾ ലക്ഷ്യമിട്ട് ആവിഷ്കരിക്കേണ്ടിയിരുന്ന പ്രൊജക്റ്റ് കേവലം ഒരു ദിവസത്തേക്ക് മാത്രമായി നടപ്പാക്കിയത് ആസൂത്രണത്തിലേയും നിർവ്വഹണത്തിലേയും പാളിച്ചയാണ്. ഉത്തരവാദപ്പെട്ട വർക്കിംഗ് ഗ്രൂപ്പോ സ്റ്റാന്റിംഗ് കമ്മിറ്റിയോ മോണിറ്ററിംഗ് നടത്തിയിട്ടുമില്ല.

ഓഡിറ്റ് നിർദ്ദേശം

വിവിധ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുള്ളത് 29848 രൂപയാണ്. ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി കണക്കിലെടുത്ത് അംഗീകരിക്കുന്നു. ബാക്കി തുക 23000.00 രൂപ 400 പേർക്ക് ഭക്ഷണം നൽകുന്നതിനായാണ് ചെലവഴിച്ചിട്ടുള്ളത്. ആയത് ബാലസഭയുടെ പ്രവർത്തനത്തിന്റെ ഭാഗമല്ലാത്തതിനാൽ ഓഡിറ്റിൽ നിരാകരിക്കുന്നു. നടപടിക്രമങ്ങൾ പാലിക്കാതെ പദ്ധതി നിർവ്വഹണം നടത്തിയ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കണക്കിലെടുത്ത് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പ്രൊജക്റ്റുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ടെന്ന് വർക്കിംഗ് ഗ്രൂപ്പ്, നിർവ്വഹണ ഉദ്യോഗസ്ഥൻ, സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ ഉറപ്പാക്കേണ്ടതാണ്.

# 3-20 പാലിയേറ്റീവ് പരിചരണ പദ്ധതി നടത്തിപ്പ് - അവലോകനം

ഗ്രാമപഞ്ചായത്ത് ആരോഗ്യ മേഖലയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ നടത്തിപ്പും തീരുമാനങ്ങൾ നടപ്പാക്കുന്നതിൽ എത്രത്തോളം ശ്രദ്ധിച്ചിട്ടുണ്ട് എന്നും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ കൊടുക്കുന്നു.

I. സാന്ത്വന പരിചരണ പദ്ധതി

ഗുരുതരമായ രോഗം ബാധിച്ചവർക്ക് ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നീ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് രോഗികൾക്ക് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുവാനായി സ.ഉ(സാധാ)നം. 3217/2015/തസ്വഭവ തിയതി 29-10-2015 പ്രകാരം പുതുക്കിയ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച് ആവിഷ്കരിച്ച പാലിയേറ്റീവ് പരിചരണ പരിപാടി പ്രകാരം അർഹരായവർക്ക് പദ്ധതിയുടെ പ്രയോജനം

ലഭ്യമായിട്ടുണ്ടോ എന്നും പദ്ധതി നടത്തിപ്പ രേഖകളുടെ സൂക്ഷിപ്പ് കൃത്യമാണോ എന്നും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

പ്രൊജക്റ്റ് നം. 7/18-പെയ്ൻ & പാലിയേറ്റീവ് പരിചരണ പരിപാടി
അടങ്കൽ -494500 (194500വികസന ഫണ്ട് (ജനറൽ) + 300000 ബ്ലോക്ക് വിഹിതം)

ആകെ ചെലവ്- (194500 +298343) = 492843

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)

എ. ചെലവു വിവരം

വീടുകൾ കേന്ദ്രീകരിച്ചു കൊണ്ടുള്ള ഹോം കെയർ സംവിധാനമാണ് പ്രധാന പ്രവർത്തനം. ഇക്കാര്യത്തിനായി ഗ്രാമപഞ്ചായത്തിന്റെ തൻവർഷത്തെ വിഹിതമായി വകയിരുത്തിയ 494500 രൂപയിൽ 492843 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

| ബിൽ നമ്പരും തിയ്യതിയും | തുക |
|---|---:|
| 2/17-18/23-8-17 | 81150 |
| 4/17-18/17-10-17 | 50150 |
| 7/17-18/25-11-17 | 25900 |
| 9/17-18/18-12-17 | 37300 |
| ആകെ പ്ലാൻ വിഹിതം | 194500 |
| Cheque no.1859650/23-12-17 | 69482 |
| Cheque no.1859683/14-2-18 | 37645 |
| Cheque no.SBXX1859690/26-2-18 | 32000 |
| Cheque no.2787708/20-3-18 | 118875 |

| | |
|---|---|
| Cheque no. 2787715/26-3-18 | 40341 |
| ആകെ ബ്ലോക്ക് വിഹിതം | 298343 |
| ആകെ | 492843 |

ബി. പ്രവർത്തനങ്ങളുടെ സംക്ഷിപ്ത വിവരം

2018 മാർച്ച് 31 വരെ പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരം ആകെ 826 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആവശ്യമായ 119 പേരുടെ ഫോളോഅപ്പ്, ഹോം കെയർ രജിസ്റ്ററിൽ ഉൾപ്പെടുത്തുകയും ഗൃഹപരിചരണം തുടർന്നു വരികയും ചെയ്യുന്നുണ്ട്. ദിവസത്തിൽ ഒരു തവണയും ആഴ്ചയിൽ 2 മുതൽ 4 തവണയും മാസത്തിൽ ഒരു ദിവസവും വീടുകൾ സന്ദർശിച്ച് പരിചരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

പാലിയേറ്റീവ് രോഗി ബന്ധു സംഗമം, റാലി, പാലിയേറ്റീവ് ദിനാചരണം എന്നിവ നടത്തി വരുന്നുണ്ട്. വിവിധ സംഘടനകളുടേയും, വ്യക്തികളുടേയും സംഭാവന മുഖേന നിർദ്ധനരായ രോഗികളുടെ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് പഠന കിറ്റ് വിതരണം, ഓണകിറ്റ് വിതരണം, പാലിയേറ്റീവ് പദ്ധതിയുടെ കീഴിൽ രോഗികൾക്ക് ആവശ്യമായ ഉപകരണങ്ങളുടെ വിതരണം എന്നീ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

സി. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പി.എം.സി)

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കായുള്ള പുതുക്കിയ മാർഗ്ഗരേഖ പ്രകാരം പി.എം.സി രണ്ടുമാസത്തിലൊരിക്കലോ ഇടവേളകളിലോ യോഗം ചേർന്ന് പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതാണ്. യോഗം കൃത്യമായ ഇടവേളകളിൽ ചേർന്നിട്ടില്ല.

ഡി. പാലിയേറ്റീവ് കെയർ നിർവഹണ കമ്മിറ്റി (പി.ഐ.സി)

മാർഗ്ഗരേഖ പ്രകാരം പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റിയുടെ (പി.ഐ.സി) രൂപീകരണം, കമ്മിറ്റിയിലെ അംഗങ്ങൾ, കമ്മിറ്റിയുടെ ചുമതലകൾ എന്നിവ സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ മാസവും 5-ാം തിയതിക്ക മുമ്പായി പി.ഐ.സി യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. തൻവർഷം പി.ഐ.സി. രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പി.ഐ.സി എല്ലാ മാസവും യോഗം ചോർന്നിട്ടുണ്ടോയെന്ന് വിലയിരുത്താൻ സാധിച്ചിട്ടില്ല.

പാലിയേറ്റീവ് കെയർ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് പ്രവർത്തനത്തോടൊപ്പം തന്നെ മോണിറ്ററിംഗ് സംവിധാനവും ശക്തമാക്കേണ്ടതാണ്.

ഇ. ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പി.എം.സി, പി.ഐ.സിയുടെ എന്നിവയുടെ യോഗങ്ങൾ കൃത്യമായി നടക്കുന്നുണ്ടെന്നും പദ്ധതി നടത്തിപ്പ് വിലയിരുത്തുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

2. പദ്ധതിക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും വിഹിതം ലഭ്യമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

3. മോണിറ്ററിംഗ് സംവിധാനം ശക്തമാക്കുകയും രേഖകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

4. പാലിയേറ്റീവ് പരിചരണ പദ്ധതി തുടർന്നു വരുന്നതിനാൽ വാഹന വാടകയിനത്തിൽ ചെലവഴിക്കുന്ന ഭീമമായ തുക കുറവു ചെയ്യുന്നതിനായി പൊതുജനങ്ങളുടെ സഹകരണത്തോടെയോ സന്നദ്ധ സംഘടനകളുടെ സഹായത്തോടെയോ ഒരു വാഹനം ലഭ്യമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. മാർഗ്ഗരേഖയിൽ വാഹനം വാങ്ങുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

5. കൂടുതൽ സ്ഥലങ്ങളിൽ സംഭാവനാ ബോക്സുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും അവയുടെ നിലവിലുള്ള പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും ആവശ്യമായ ഒരു വാർഡ് തല കമ്മിറ്റി രൂപീകരിക്കേണ്ടതിൻെറ സാധ്യത പരിശോധിക്കേണ്ടതാണ്.

മേൽ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-21 ആവശ്യകത വിലയിരുത്താതെ പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പഠനോപകരണങ്ങൾ എന്ന പ്രൊജക്റ്റ് ആവിഷ്കരിച്ചു-പദ്ധതി നടപ്പാക്കിയില്ല

പ്രൊജക്റ്റ് നം. 112/18 – എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണം വാങ്ങൽ

അടങ്കൽ : 500000 (എസ്.സി.പി)

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

125 എസ്.സി വിദ്യാർത്ഥികൾക്ക് മേശ, കസേര എന്നിവ വാങ്ങി നൽകുന്നതിനാണ് 500000 രൂപ വകയിരുത്തി പ്രൊജക്റ്റിന് അംഗീകാരം ലഭ്യമാക്കിയിട്ടുള്ളത്. അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റ് നടപ്പാക്കാതിരുന്നതിന്റെ കാരണം വിലയിരുത്തിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

വിദ്യാഭ്യാസം, കലയും സംസ്കാരവും, യുവജനകാര്യം വർക്കിംഗ് ഗ്രൂപ്പിൽ പദ്ധതിയുടെ വിശദാംശങ്ങൾ ചർച്ച ചെയ്യാതെയാണ് പ്രൊജക്റ്റിന് അംഗീകാരം ലഭ്യമാക്കിയിട്ടുള്ളത്.

മുൻ വർഷങ്ങളിൽ ഇതേ പദ്ധതി നടപ്പാക്കിയതിനാൽ ആവശ്യത്തിന് അപേക്ഷകൾ ഇല്ലാതിരുന്നതിനാലാണ് പദ്ധതി നടപ്പാക്കാതിരുന്നതെന്ന് ഓഡിറ്റ് അന്വേഷണം നം. 7/26-10-2018 നുള്ള മറുപടിയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ ആവശ്യകത വിലയിരുത്താതെയും വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്യാതെയും പ്രൊജക്റ്റുകൾ ആവിഷ്കരിച്ച് അംഗീകാരം ലഭ്യമാക്കുന്നത് പദ്ധതി ആസൂത്രണത്തിലെയും പ്രവർത്തനങ്ങളുടേയും പാളിച്ചയാണ്.

അംഗീകാരം ലഭ്യമാക്കുന്ന ഫണ്ട് ചെലവഴിക്കാതിരിക്കുന്നതുമൂലം വികസന ഫണ്ടിന്റെ ചെലവ് ശതമാനം കുറയുവാനും തുടർ വർഷങ്ങളിലെ പദ്ധതി ഫണ്ടിൽ കുറവു വരുത്തുവാനും ഇടയാക്കുന്നതാണ്. ആയതിനാൽ ഇക്കാര്യത്തിൽ ആരോഗ്യം വിദ്യാഭ്യാസം സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ക്രിയാത്മകമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 2409949 | ഉഴവുകൂലി | 2409949 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | ക്ഷീര കർഷകർക്ക് സബ്സിഡി | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 200000 | ക്ഷീര കർഷകർക്ക് സബ്സിഡി | 200000 | 0 |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|---|
| കെ.എസ്.ഇ. ബി | 182/18- വൈദ്യുതി ലൈൻ നീട്ടൽ | 16/17-18 /28-12-18 | 192357 | വിനിയോഗ വിവരം ലഭ്യമായില്ല | |
| | | 18/17-18 /28-3-18 | 335685 | | |
| | | 19/17-18 /17-1-18 | 999850 | | |
| | | 23/17-18 /17-1-18 | 127753 | | |
| | | 33/28-3-2018 | 37347 | | |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല. തിരിച്ചടവിന്റെ വിവരം താഴെ ചേർക്കുന്നു.

| വായ്പയുടെപേര് | ഉത്തരവ് നം. / തിയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി |
|---|---|---|---|---|---|

| | | | തുക | | | |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന നിർമ്മാണം | ലഭ്യമല്ല | 17670939 | 1539478 | 1539478 | - | 0 |

# 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2319980 |
| തൻവർഷം നിക്ഷേപിച്ച തുക | 3517178 |
| ആകെ | 5837158 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5837158 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | പി.ഡി.സി ബാങ്ക്, ചിറ്റൂർ | 18-4-17<br>767519 | 1 വർഷം | 2319980 | |
| 2 | നല്ലേപ്പിള്ളി സർവ്വീസ് സഹകരണ ബാങ്ക് | 9-2-2018<br>(21787&21788) | 1 വർഷം | 1000000 | |
| 3 | നല്ലേപ്പിള്ളി സർവ്വീസ് സഹകരണ ബാങ്ക് | 31-3-2018<br>(22020 മുതൽ 22024 വരെ) | 6 മാസം | 2517178 | 28-9-2018 ന് പുതുക്കേണ്ടിയിരുന്ന വെങ്കിലും പുതുക്കിയിട്ടില്ല. |

| | | |
|---|---|---|
| ആകെ | 5837158 | |

<u>മറ്റ് സ്ഥാപനങ്ങളിലെ ഷെയറുകൾ</u>

| | | | | |
|---|---|---|---|---|
| മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ | 27-7-1977 | - | 5000 | |
| പാലക്കാട് സ്മാൾ ഹൈഡ്രോ ലിമിറ്റഡ് | 28-4-2000 | - | 100000 | |

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 154145 രൂപ ഈടാക്കിയിട്ടുണ്ട്.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഈടാക്കിയ തുക | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും | രസീതി നം. / തിയതി |
|---|---|---|---|---|
| 2013-14, 2014-15 | 3-4 | 12328 | ശ്രീ.എം.എം.മുഹമ്മദ് അബ്ദുനാസർ, സെക്രട്ടറി | 117090101364/ 3-6-17 |
| | 3-5 | 9500 | ശ്രീ.തോമസ് ഉമ്മൻ, അസി. സെക്രട്ടറി | 117090101365/ 3-6-17 |
| 2016-17 | 2-1(ബി) | 5000 | എസ്.മഹേഷ്കുമാർ, സെക്രട്ടറി | 117090103824/ 14-11-17 (BSNL, മാവേലി സ്റ്റോർ) |
| | | 1250 | | 117090102840/ 20-9-17 മിൽക്ക് സൊസൈറ്റി |
| | 2-1 (സി) | 11977 | | 117090104880/ 8-1-18 ഷാലോം ഇന്റീരിയർ |
| | | 6840 | | 117090104696/ 28-12-17 സുയീറ അലോയ്സ് |

| | | | | |
|---|---|---|---|---|
| | | 10260 | | 117090104695/ 28-12-17<br><br>SVA |
| | | 17100 | | 117090104694/ 28-12-17<br><br>ബന്നാരിയമ്മൻ സ്റ്റീൽസ് |
| | 2-2 | 545 | | 117090500034/ 29-12-17<br><br>117090104707/ 29-12-17<br><br>അത്താണി ആശുപത്രി ഫാർമസി |
| | 2-3 | 27105 | | 117090500017/ 14-8-17<br><br>Indus Towers |
| | | 27881 | | 117090500031/ 23-12-17<br><br>Indus Towers |
| | | 24359 | | 117090500032/ 23-12-17<br><br>Indus Towers |
| ആകെ | | 154145 | | |

154145 രൂപ ഓഡിറ്റ് റിക്കവറി ഉണ്ടെങ്കിലും വാർഷിക കണക്കിൽ 141388 രൂപ മാത്രമാണ് ഓഡിറ്റ് റിക്കവറി ഹെഡിൽ വരവു വെച്ചിട്ടുള്ളത്.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഒന്നുമില്ല

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(എ)സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 85891789 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 92341873 |
| വരവിനങ്ങളിലുള്ള നഷ്ടം | 7259 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 24932 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 97500 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-4(3) | 150 | - | ശ്രീ.മഹേഷ് കുമാർ.എസ്, സെക്രട്ടറി |
| 2-7 | 7109 | - | ശ്രീ.മഹേഷ് കുമാർ.എസ്, സെക്രട്ടറി |
| 3-6 | - | 1932 | ശ്രീ.സജീഷ് കുമാർ.ജെ, ഡയറി ഫാം ഇൻസ്ട്രക്ടർ |
| 3-19 | - | 23000 | ശ്രീ.ബാബുരാജ്.പി, എച്ച്.എം, ജിയുപിഎസ് |

| | | | |
|---|---|---|---|
| ആകെ | 7259 | 24932 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-10 | 90000 | ശ്രീ.രൂപേഷ്.സി, വി.ഇ.ഒ |
| 3-11 | 7500 | ശ്രീ.രൂപേഷ്.സി, വി.ഇ.ഒ |
| ആകെ | 97500 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.മഹേഷ് കുമാർ.എസ്, സെക്രട്ടറി | സെക്രട്ടറി, നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത് | ശിവപ്രസാദം, ഈസ്റ്റ് വില്ലേജ്, തത്തമംഗലം(പി.ഒ), പാലക്കാട്-678102 |
| ശ്രീ.സജീഷ് കുമാർ.ജെ, ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ, ഡയറി ഫാം ഓഫീസ്, കുമരംപുത്തൂർ, മണ്ണാർക്കാട് | അദ്വൈതം, തത്തമല, കൊല്ലം-20 |
| ശ്രീ.ബാബുരാജ്.പി, എച്ച്.എം, ജിയുപിഎസ് | എച്ച്.എം, ജിയുപിഎസ്, നല്ലേപ്പിള്ളി | ശ്രീ ചൈതന്യം, വിദ്യാനഗർ, നല്ലേപ്പിള്ളി പാലക്കാട്-678553 |
| ശ്രീ.രൂപേഷ്.സി, വി.ഇ.ഒ | വി.ഇ.ഒ, പൊൽപ്പുള്ളി ഗ്രാമപഞ്ചായത്ത് | മീനാ ഭവൻ, കുന്നത്ത് പാളയം, തെക്കേ ദേശം(പി.ഒ), ചിറ്റൂർ, പാലക്കാട്-678553 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

തീർപ്പാക്കുവാൻ അവേശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം |
|---|---|---|
| 1996-97 | LF.P8/866/99/11.11.99 | 18 |
| 1997-98 | LF.P12/943/00/11.01.2001 | 13 |
| 1998-99 | LF.P12/648/2002/3.09.02 | 15 |
| 1999-2000 | LF.P14/494/03/27.09.03 | 20 |
| 2000-01 | LF.P11/1400/08/21.02.09 | 9 |
| 2001-02 | LF.P11/61/11(1)/26.12.11 | 2 |
| 2002-03 | LF.P11/61/11(2)/18.03.11 | 1 |
| 2003-04 | LF.P11/61/11(3)/ 13.12.11 | 3 |
| 2004-05 | LF.P11/61/11(4)/ 28.01.11 | 5 |
| 2005-06 | LF.P11/2137/14/1.12.14 | 1 |
| 2006-07 | LF.P11/1629/14/16.09.14 | 19 |
| 2007-08 | LF.P11/2357/14/7.02.15 | 7 |
| 2008-09 | കെ.എസ്.എ-പികെഡി-11/2080/16/21-3-17 | 4 |
| 2009-10, 2010-11,2011-12 | LF.P11/1770/2014/26.3.15 | 15 |
| 2012-13 | കെ.എസ്.എ-പികെഡി-11/1922/15/29-3-16 | 17 |
| 2013-14, 2014-15 | കെ.എസ്.എ-പികെഡി-11/1021/17/19-12-17 | 21 |
| 2015-16 | കെ.എസ്.എ-പികെഡി-11/2325/16/29-12-16 | 22 |
| 2016-17 | കെ.എസ്.എ-പികെഡി-11/1459/18/5-9-18 | 22 |

തീർപ്പാക്കുവാൻ അവേശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)നം.1413/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ 2017-18ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## 2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വസ്തു നികുതി ഇനത്തിൽ 2017-18 വർഷത്തെ കുടിശ്ശിക ഡിമാന്റ് തുകകളും 2016-17 വർഷത്തെ ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂളിലെ തുകകളും പൊരുത്തപ്പെടുന്നില്ല.
2. Liability in respect of stale cheque എന്ന ശീർഷകത്തിലെ തുക പഞ്ചായത്ത് നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ ചെക്കുകളുടെ യഥാർത്ഥ തുകയുമായി പൊരുത്തപ്പെടുന്നില്ല.
3. ഇൻവെസ്റ്റ് രജിസ്റ്റർ പ്രകാരമുള്ള തുകയും ബാലൻസ് ഷീറ്റ് ബി-12 ഷെഡ്യൂളിലെ തുകകളും പൊരുത്തപ്പെടുന്നില്ല.
4. വാർഷിക കണക്കിൽ ഡിപ്രീസിയേഷൻ ഉൾപ്പെടുത്തിയിട്ടില്ല.
5. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
6. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ ഏജൻസികൾക്ക് നൽകിയിട്ടുള്ള തുകകൾ Advance to Implementing Agencies എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം 2

# വിവിധ പത്രികകൾ

## 1. റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്-സംക്ഷിപ്തം

| Nalleppilly Grama Panchayat<br>Receipt And Payment Statement<br>For the period from 01-April-2017 To 31-March-2018 | | | |
|---|---|---|---|
| ***Code*** | ***Head Account*** | ***Schedule*** | ***Amount(Rs.)*** |
| | **Opening Balance** | | |
| | Bank | RP-40(a) | 1,82,79,058.85 |
| | Cash | RP-40(a) | 0.00 |
| | **Receipts** | | |
| **Operating** | | | |
| 110000000 | Tax Revenue | RP-1 | 11,31,500.00 |
| 130000000 | Rental Income from Panchayat Properties | RP-3 | 3,77,116.00 |
| 140000000 | Fees & User Charges | RP-4 | 14,43,589.00 |
| 150000000 | Sale & Hire Charges | RP-5 | 1,12,610.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 6,92,10,002.00 |
| 171000000 | Interest Earned | RP-9 | 4,24,467.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 79,00,321.00 |
| 350000000 | Other Liabilities | RP-36 | 1,52,419.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 1,68,006.00 |
| **Non Operating** | | | |
| 180000000 | Other Income | RP-10 | 2,06,948.00 |
| 340000000 | Deposits Received | RP-34 | 2,32,535.00 |
| 350000000 | Other Liabilities | RP-36 | 2,13,879.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 42,52,397.00 |
| 460000000 | Loans, Advances and Deposits | RP-47 | 66,000.00 |
| **Grand Total** | | | **10,41,70,847.85** |
| **Payments** | | | |
| **Operating** | | | |
| 210000000 | Establishment Expenses | RP-11 | 43,90,257.00 |
| 220000000 | Administrative Expenses | RP-12 | 12,54,926.00 |
| 230000000 | Operations & Maintenance | RP-13 | 54,63,324.00 |
| 250000000 | Decentralised Plan Programme - Productive Sector | RP-15 | 1,27,60,931.00 |
| 251000000 | Decentralised Plan Programme - Service Sector | RP-16 | 2,06,18,428.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | RP-17 | 31,88,652.00 |
| 253000000 | Decentralised Plan Programme - Projects not included in Sector Division | RP-18 | 2,92,578.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transferred Institutions and State Sponsored Schemes (not included under Decentrali | RP-19 | 28,36,400.00 |
| 255000000 | Maintenance Projects | RP-20 | 1,37,20,323.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 24,200.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 21,500.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 16,98,790.00 |
| 350000000 | Other Liabilities | RP-36 | 51,30,528.00 |
| **Non Operating** | | | |
| 240000000 | Interest & Finance Charges | RP-14 | 12,294.00 |
| 330000000 | Secured Loans | RP-32 | 15,39,478.00 |
| 340000000 | Deposits Received | RP-34 | 2,18,203.00 |
| 350000000 | Other Liabilities | RP-36 | 18,59,211.00 |
| 410000000 | Fixed Assets | RP-38 | 64,78,796.00 |
| 412000000 | Capital Work In Progress | RP-40 | 8,58,193.00 |
| 420000000 | Investments | RP-41 | 35,00,000.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 50,29,905.00 |
| 460000000 | Loans, Advances and Deposits | RP-47 | 14,44,956.00 |
| | **Closing Balance** | | |
| | Bank | RP-40(b) | 1,17,96,557.85 |
| | Cash | RP-40(b) | 32,417.00 |
| **Grand Total** | | | **10,41,70,847.8** |

2. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ-സംക്ഷിപ്തം

**Nalleppilly GramaPanchayat**
**Income & Expenditure Statement**
**For the period from 01-April-2017 to 31-March-2018**

| ***Code*** | ***Head Of Account*** | ***Schedule*** | ***Amount(Rs.)*** |
|---|---|---|---|
| **Income** | | | |
| 110000000 | Tax Revenue | I-1 | 35,45,193.00 |
| 130000000 | Rental Income from Panchayat Properties | I-3 | 4,54,696.00 |
| 140000000 | Fees & User Charges | I-4(b) | 21,44,539.00 |
| 150000000 | Sale & Hire Charges | I-5(b) | 1,12,610.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | I-6 | 15,13,59,857.00 |
| 171000000 | Interest Earned | I-8 | 4,24,467.00 |
| 180000000 | Other Income | I-9 | 2,06,948.00 |
| | **Total-Income** | | |
| **Expenditure** | | | |

| | | | | |
|---|---|---|---|---|
| 210000000 | Establishment Expenses | I-10(b) | (1,10,27,549.00) | |
| 220000000 | Administrative Expenses | I-11(b) | (12,54,926.00) | |
| 230000000 | Operations & Maintenance | I-12(b) | (59,16,466.00) | |
| 240000000 | Interest & Finance Charges | I-13 | (12,294.00) | |
| 250000000 | Decentralised Plan Programme - Productive Sector | I-14 | (1,78,09,849.00) | |
| 251000000 | Decentralised Plan Programme - Service Sector | I-14(a) | (4,82,13,057.00) | |
| 252000000 | Decentralised Plan Programme - Infrastructure Sector | I-14(b) | (31,88,652.00) | |
| 253000000 | Decentralised Plan Programme - Projects not included in Sector Division | I-14(c) | (2,92,578.00) | |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes (not included under Decentralised Plan Programme) | I-14(d) | (6,22,09,600.00) | |
| 255000000 | Maintenance Projects | I-14(e) | (1,37,20,323.00) | |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | (24,200.00) | |
| 260000000 | Grants, Contributions and Compensations from Own Fund | I-15 | (21,500.00) | |
| **B** | **Total-Expenditure** | | **(16,36,90,994.00)** | |
| C = A-B Gross Surplus/Deficit of Income over Expenditure | | | | |
| | | | **(54,42,684.00)** | |
| **D=** | 280000000 | Prior Period Item | | I-18 |
| **E = C-D** | *Gross Surplus/Deficit of Income over Expenditure after prior period items* | | **(54,41,584.00)** | |

3. ബാലൻസ് ഷീറ്റ്-സംക്ഷിപ്തം

| **Nalleppilly GramaPanchayat<br>BALANCE SHEET<br>As on 29-October-2018** | | | |
|---|---|---|---|
| **Code No.** | **Description of Items** | **Schedule No** | **Amount** |
| | **LIABILITIES** | | |
| | **Reserve& Surplus** | | |
| 310000000 | Muncipal (General) Fund [Code No 310] | B-1 | 42527425.77 |
| 311000000 | Earmarked Funds | B-2 | 5506.00 |
| 312000000 | Reserves | B-3 | 56833247.00 |
| | ***Total Reserve& Surplus*** | | **99366178.77** |
| | **Grants,Contributions for specific purposes** | | |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contributions for Specific Purposes | B-4 | 4274729.00 |
| | ***Total Grants,Contributions for specific purposes*** | | **4274729.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 0.00 |
| | ***Total Loans*** | | **0.00** |
| | **Current Liabilities and Provisions** | | |
| 340000000 | Deposits Received | B-7 | 141616.00 |
| 350000000 | Other Liabilities | B-9 | 431646.61 |
| 360000000 | Provisions | B-10 | 0.00 |
| | ***Total Current Liabilities and Provisions*** | | **573262.61** |
| | **TOTAL LIABILITIES** | | **104214170.38** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 83135503.00 |
| 412000000 | Capital Work In Progress | B-11(a) | 1306782.00 |
| | ***Total Fixed Assets*** | | **84442285.00** |
| | **Investments** | | |
| 420000000 | Investments | B-12 | 5920804.00 |
| | ***Total Investments*** | | **5920804.00** |
| | **Current Assets,Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 303671.00 |
| 431000000 | Sundry Debtors (Receivables) | B-15 | (300082.47) |
| 440000000 | Pre-paid Expenses | B-16 | 0.00 |
| 450000000 | Cash and Bank balance | B-17 | 12000200.85 |
| 460000000 | Loans, Advances and Deposits | B-18 | 1847292.00 |
| | ***Total Current Assets,Loans and Advances*** | | **13851081.38** |
| | **TOTAL ASSETS** | | **104214170.38** |

ഡെപ്യൂട്ടി ഡയറക്ടർ